# ശ്രീരാമവിലാസം.

പുസ്തകം ൧ | ൧൦൯൬ ധനു | ലക്കം ൩

## ഗണകസമുദായചരിത്രം.

കെ. ജി. ഇട്ടി വൈദ്യൻ.

ഏതെങ്കിലും ഒരു വിഷയത്തെപ്പററി സംക്ഷേപമായോ സവിസ്തരമായോ ഹൃദയംഗമമായി പ്രസ്താവിക്കണമെങ്കിൽ ആ വിഷയത്തെ സംബന്ധിച്ചുള്ള യഥാർത്ഥജ്ഞാനവും അതു വേണ്ടപോലെ ജനസാമാന്യത്തെ ബോദ്ധ്യപ്പെടുത്തുവാനുള്ള പാടവവും സാമാന്യമായിട്ടെങ്കിലും ഉണ്ടായിരിക്കേണ്ടതാണല്ലൊ.

മേല്പറഞ്ഞ രണ്ടു വിധ ഗുണങ്ങളും കൂടാതെ അവിവേക ബുദ്ധിയെ അസ്പദമാക്കി ലോകരംഗത്തിലേക്കു ചാടിപ്പുറപ്പെട്ടാൽ "മദിരാമദാന്ധനായുള്ളൊരു പുരുഷൻെറ" അവിചാരിതമായ അസംബന്ധപ്രലാപം പോലെ ആ കൃത്യം പരപരിഹാസ്യമായി പരിണമിക്കുമെന്നുള്ളതിൽ സന്ദേഹമുള്ളതല്ലല്ലൊ.

ഈ ബോധം എൻെറ ഈ വിഷയത്തിലുള്ള അഭിനിവേശത്തെ നിരോധനം ചെയ്യുന്നുണ്ടെങ്കിലും ഉദ്ദിഷ്ടവിഷയത്തിൽ ഇനിക്കുള്ള അസാമർത്ഥ്യത്തെ അഗണ്യമാക്കത്തക്കവണ്ണം അതിൻെറ ആവശ്യകത എന്നെ കഠിനമായി നിർബന്ധിക്കയാൽ അല്പജ്ഞനായ ഞാൻ മഹാശയാർഹമായ ഈ കൃത്യത്തെ അവലംബിക്കേണ്ടിവന്നു എന്നുള്ള പരമാർത്ഥം കൂടി ഇവിടെ പ്രകാശിപ്പിച്ചുകൊണ്ടു പ്രകൃതത്തിലേക്കു പ്രവേശിക്കുന്നു.

പ്രകൃത വിഷയമായ "ഗണകസമുദായ"ത്തിൻെറ ഉല്പത്തിമുതലായവയെ യഥാർത്ഥമായി ഗ്രഹിക്കത്തക്ക പ്രമാണങ്ങൾ ഒന്നുംതന്നെ വേണ്ടതുപോലെ ലഭിച്ചിട്ടില്ലാത്തു നിമിത്തം ഇതിൻെറ ചില ഭാഗങ്ങൾ അനുമാനം പ്രമാണമാക്കി എഴുതേണ്ടിവന്നതിനാൽ ഇതിനെ സൂക്ഷ്മാവലോകനലോലുപന്മാരായ മഹാമനസ്കന്മാരുടെ ദൃഷ്ടിപഥത്തിലേക്കു സമർപ്പിച്ചുകൊള്ളുന്നതു കൂടാതെ ഈ വിഷയത്തിൽ എനിക്കുള്ള അജ്ഞാനം നിമിത്തം നേരിടാവുന്ന വൈകല്യങ്ങളെ ദൂരീകരിച്ചു അവയെ വേണ്ടവിധം ശുദ്ധീകരിക്കത്തക്ക ന്യായങ്ങളോ ശാസ്ത്രങ്ങളോ ഉണ്ടായിരുന്നാൽ അവയെ ഈ മാസികാമുഖേന തന്നെ വെളിപ്പെടുത്തി എൻെറ ഈ ഉദ്യമത്തെ സഫലമാക്കണമെന്നു സജ്ജനസമക്ഷം പ്രാർത്ഥിച്ചുകൊള്ളുകയും ചെയ്യുന്നു.

## ഗണകസമുദായം.

ഇതിൻെറ ഉല്പത്തി, പ്രാചീനചരിത്രം, അധഃപതനം, താൽകാലികാവസ്ഥ, ഉദ്ധാരണമാൎഗ്ഗം, എന്നിങ്ങനെ അഞ്ചു വിഭാഗങ്ങളായിട്ടാണ് ഇവിടെ പ്രതിവാദിക്കപ്പെടുന്നത്. ഇവയിൽ ഒന്നാമത്തേതായ "ഗണകോല്പത്തി" എന്ന വിഷയത്തെ സംബന്ധിച്ചു ദൃഢവിശ്വാസം ജനിപ്പിക്കത്തക്ക പ്രമാണങ്ങൾ സുലഭമല്ലാസ്സയാൽ പണ്ഡിതപാമരദ്വാരാസിദ്ധങ്ങളായ ചില കഥകളിൽ നിന്നും അനുമാനിക്കയല്ലാതെ ഇവിടെ തൽക്കാലം ഗത്യന്തരമില്ലെന്നുകൂടി പറയേണ്ടിയിരിക്കുന്നു.

## ഗണകോല്പത്തി.

കേരളത്തിൽ കണിയാർ, പണിക്കർ, എന്നിങ്ങനെ പല നാമങ്ങൾ ഗണകസമുദായത്തിനു പൂൎവ്വീകമായി തന്നെ സിദ്ധിച്ചിരിക്കുന്നു. ഇതുകൾ ദേശഭേദമനുസരിച്ചു ഒരു ജാതിക്കു തന്നെ സിദ്ധിച്ചിട്ടുള്ള നാമഭേദങ്ങളെന്നാണ് അറിയപ്പെട്ടിരിക്കുന്നത്. ഈ വംശോല്പത്തിയെക്കുറിച്ചു അനേക ഐതിഹ്യങ്ങൾ ഉണ്ടെങ്കിലും അവ അന്യോന്യം ചേൎച്ചയില്ലാത്തവയും പ്രായേണ അശാസ്ത്രീയജല്പനങ്ങളുമാണ്. ഉദാഹരണമായി അവയിൽ ചിലതിനെ ഇവിടെ ഉദ്ധരിക്കുന്നു.

൧. പരമശിവനും പാൎവ്വതിയും കൂടി കാട്ടാളവേഷത്തെ വഹിച്ചു വനത്തിൽ സഞ്ചരിക്കുമ്പോൾ ശ്രീപാൎവ്വതി ഗൎഭം ധരിച്ചു പ്രസവിച്ച ഒരു പെൺകുട്ടിയെ പരപരിഹാസഭീത്യാ അവർ ആ കാട്ടിൽ ഉപേക്ഷിച്ചു. ആ കുട്ടിയുടെ ഉപജീവനമാൎഗ്ഗമായി ജ്യോതിഷാദി വിദ്യകളെ കല്പിച്ചു. ശിവൻ വരാടസുപേടിക (കവടിസ്സഞ്ചി)യും കൊടുത്തു. അനന്തരം ആ കന്യക ഒരു ഋഷ്യാശ്രമത്തിൽ വളൎന്നു വന്നു. അവളിൽ ആ ഋഷിക്കുണ്ടായ സന്തതി വൎഗ്ഗം ഗണകവംശമായി പരിണമിക്കയും ചെയ്തു. എന്നിങ്ങനെ ഒരു പ്രമാണത്തിൽ നിന്നും അറിയുന്നു.

൨. ഒരിക്കൽ സുബ്രഹ്മണ്യൻ വേദാൎത്ഥങ്ങളിൽ തനിക്കുണ്ടായ ചില സംശയനിവൃത്തിക്കായി വൈകുണ്ഠത്തിങ്കലേക്കു ചെല്ലുകയും തദവസരത്തിൽ സുബ്രഹ്മണ്യൻ ഒരു വികൃത വേഷം എടുത്തിരുന്നതിനാൽ മഹാവിഷ്ണു ശപിക്കയും ആ ശാപനിവൃത്ത്യൎത്ഥം പരമശിവൻെറ മൂന്നാം തൃക്കണ്ണിൽ നിന്ന് ഒരാൾ ഉത്ഭവിക്കയും പരമശിവൻെറ ഇഷ്ടാനുസരണം ആയാൾ സുബ്രഹ്മണ്യനിൽ നിന്നും ആ ശാപം കളേറ്റതിനാൽ ശിവൻ പ്രസാദിച്ചു ജ്യോതിഷാദി വിദ്യകളെ അനുഗ്രഹപൂൎവ്വം പ്രദാനം ചെയ്കയും ചെയ്തു. ആ നിയോഗപുരുഷനിൽ നിന്നാണ് ഗണകവംശത്തിൻെറ ഉത്ഭവമെന്നും, കണ്ണിൽനിന്നും ജനിക്ക നിമിത്തം കണിയാരെന്ന പേരിനു അൎഹത ഉണ്ടായി എന്നും ഒരു ഐതിഹ്യമുണ്ട്.

൩. ഒരവസരത്തിൽ പാൎവ്വതിദേവിക്കുണ്ടായ അസ്വാസ്ഥ്യത്തിൻെറ കാരണമറിയുന്നതിനും പ്രതിക്രിയ ചെയ്യുന്നതിനുമായി സുബ്രഹ്മണ്യൻ ജ്യോതിഷികൻെറയും മാന്ത്രികൻെറയും കൃത്യങ്ങളെ അവലംബിച്ചു എന്നും അദ്ദേഹത്തിൻെറ ആ അവസ്ഥയെ തുടൎന്നാണ് ഗണകവംശം ഉത്ഭവിച്ചതെന്നും പറയുന്നു.

തിരുവനന്തപുരം

൧൦൮൮-ൽ-തുലാമാസം ൨൨

ശ്രീഃ ഭൂയാൽ.

അല്പായുസ്സായ മാസികാരത്നമേ!

ചിരപ്രതീക്ഷിതനായ യുവരാജാവു തിരുമനസ്സിലെ തിരുനാൾ ദിവസത്തിൽ തന്നെ നീ ജനിച്ചു കാണുന്നതിന് നിന്റെ ഭാരവാഹികൾക്കു അധികമായ ബുദ്ധിമുട്ടിനും പരാശ്രയത്തിനും ഇടയായിട്ടുണ്ട്. അതിന്റെ പ്രതിഫലം നീ അസാധാരണ യോഗ്യതയോടുകൂടി വളൎന്നു സജ്ജനപ്രശംസയ്ക്കു പാത്രീഭവിച്ചുകാണുക എന്നുള്ളതു മാത്രമാണു്. ഇതു നീ പ്രത്യേകം ഓൎമ്മിക്കേണ്ടതാണു്.

നിന്നേക്കാൾ ആഭിജാത്യമുള്ളവരും, മഹാപണ്ഡിതന്മാരുടെയും പ്രഭുക്കന്മാരുടെയും സംരക്ഷണകളാലും സംഭാവനകളാലും മാന്യപദവിയിൽ എത്തിയിരിക്കുന്നവരും കമനീയകളുമായ സോദരികൾ ഇപ്പോൾ ധാരാളം കേരളത്തിലുള്ള സ്ഥിതിക്കു; എല്ലാവിധത്തിലും "അബല" എന്ന നാമത്തെ സാൎത്ഥകമാക്കിയിരിക്കുന്ന നിന്റെ ഈ ബാല്യദശയിൽ ഉണ്ടാകാവുന്ന അരിഷ്ടകളെ ജയിച്ചു് എങ്ങിനെയാണു് സജ്ജനപ്രീതിയെ സമ്പാദിക്കുന്നതെന്നുള്ള ഒരാശങ്ക നിന്റെ ഹൃദയത്തെ പ്രബലമായി ബാധിച്ചിരിക്കാം! എന്നാൽ, അങ്ങിനെയുള്ള ഒരു ശങ്ക നിനക്കു് ഒരിക്കലും ആവശ്യമുള്ളതല്ലെന്നാണു് എന്റെ അഭിപ്രായം. വിദ്യാഭ്യാസംകൊണ്ടും, ലൌകികവ്യാപാരങ്ങൾകൊണ്ടും മനസ്സിനു് ഉറപ്പും പരിപാകവും സിദ്ധിച്ചിട്ടുള്ള മഹാത്മാക്കൾ നിന്റെ വളൎച്ചക്കു വേണ്ട സാഹായ്യങ്ങൾ ചെയ്യാതെയിരിക്കയില്ല. മഹാത്മാക്കളുടെ ധൎമ്മം ആശ്രിതന്മാരെ സൎവാത്മനാ സഹായിക്കുക എന്നുള്ളതാണല്ലോ.

രാവണനെ ജയിച്ചു സീതയെ വീണ്ടെടുക്കുന്നതിനു അന്യസഹായംകൂടാതെ ശ്രീരാമസ്വാമിക്കു കഴിയുമായിരുന്നു.

സീതാദേവിയെ ലങ്കയോടുകൂടി എടുത്തു് ഭഗവാനു കാഴ്ചവയ്ക്കുന്നതിനു ഭക്തനും, ബലവാനും ആയിരുന്ന ബാലിക്കും കഴിയുമായിരുന്നു. അഭിമാനക്ഷയംകൂടാതെ കാൎയ്യം സാധിക്കുന്നതിനു ഈ വിധമുള്ള ശക്തിയും ബന്ധുബലവും തനിക്കുണ്ടായിരുന്നിട്ടും അവയെ അനാദരിച്ചു് ബലഹീനനായിരുന്ന സുഗ്രീവനോടു ഭഗവാൻ സഖ്യം ചെയ്തു് ഉപകരിച്ചതിന്റെ രഹസ്യം എന്താണെന്നു നീ അറിഞ്ഞിട്ടില്ലല്ലോ! ഭാൎയ്യാവിയോഗം എന്ന ഒരു ദുഃഖം മാത്രം അനുഭവിച്ചുകൊണ്ടിരുന്ന ആ രാമചന്ദ്രൻ തൽപരിഹാരാൎത്ഥം നാടും, നഗരവും, വീടും, പത്നിയും; ഇ

ല്ലാതെ വിഷണ്ണനായിരുന്ന സുഗ്രീവനെയാണ് തന്റെ സാഹായ്യപദ ത്തിലേക്കായി തിരഞ്ഞെടുത്തതു്. അതു് തന്റെ സ്ഥിതിക്കു ഉചിതമായ പ്രവൃത്തിയായിരുന്നു എന്നു അഭിമാനികൾക്കു് അഭിപ്രായമുണ്ടാവാനിടയില്ലല്ലോ. എന്നാൽ ഭഗവാൻ ഇവിടെ അഭിമാനത്തെ അല്ല പ്രാധാന്യേന ഗണിച്ചതെന്നും, നിസ്സഹായനായ സുഗ്രീവനെ സ്വകാര്യസിദ്ധിവ്യാജേന സഹായിക്കണമെന്നു മാത്രമാണ് ആഗ്രഹിച്ചതെന്നും സുസ്പഷ്ടമാകുന്നു.

ശ്രീകൃഷ്ണൻ, ക്രിസ്തു എന്നിങ്ങനെയുള്ള അവതാര പുരുഷന്മാരുടെയും ആശ്രിതവത്സലന്മാരായിരുന്ന മററു പല മഹാന്മാരുടെയും ചരിത്രങ്ങളിൽ ഈ വിധം ധർമ്മദ്യോതകങ്ങളായ ആശയ വിശേഷങ്ങൾ ഈ വിഷയത്തിൽ അവിരളം ദൃഷ്ടാന്തങ്ങളായിട്ടു കാണാം.

ആശ്രയിക്കാതെ തന്നെയും നിരാശ്രയന്മാരെ നിഷ്പക്ഷപാതം സഹായിക്കുന്നവരും അഗതികളുടെ അഭ്യുദയത്തിങ്കൽ അസൂയാസ്പൃക്കുകളല്ലാത്തവരുമായ വിശുദ്ധാശയന്മാർ ഈ കാലത്തു ദുർല്ലഭമല്ലെന്നുള്ളതു് നിന്റെ ഭാഗധേയദ്യോതകമെന്നാണു വിചാരിക്കേണ്ടതു.

അവർ നിന്നെ ഹൃദയപൂർവ്വം സ്നേഹിക്കയും നവീനാഭരണങ്ങൾ കൊണ്ടു നിന്നെ അലങ്കരിപ്പിക്കയും സാനന്ദത്യേന പരിലാളിക്കുകയും ചെയ്യും. നിന്റെ സുഷമയെ കണ്ടാനന്ദിക്കാനതിനും നിന്റെ നാമത്തെ ശ്രവിക്കുന്നതിനും ഇടയാകാതെ നിന്റെ സഗർഭ്യകളുടെ പ്രധാന രക്ഷാകന്മാരിൽ ഒരാൾ, അല്പകാലത്തിനു മുമ്പും മറെറാരാൾ നിന്റെ ഗർഭാവക്രാന്തിയോടു സമീപിച്ചും ദേഹവിയോഗം ചെയ്യാൻ സംഗതിയായതിൽ നിനക്കു അപരിഹാര്യമായ നഷ്ടമുണ്ടെന്നുള്ളതിൽ സന്ദേഹമില്ല. എങ്കിലും നിനക്കു വേണ്ട സഹായങ്ങൾ ചെയ്യാമെന്നു് ഉദാരമതികളും ധർമ്മരക്ഷകരുമായ പല മഹാന്മാർ നിന്റെ ഭാരവാഹികളോടു വാഗ്ദാനം ചെയ്തിട്ടുള്ളതു കൊണ്ടു് നിനക്കു പ്രചാര വൈകല്യത്തിനു ഇടയുണ്ടാകയില്ലെന്നു പൂർണ്ണമായി വിശ്വസിക്കാം.

സത്യസന്ധന്മാരായ ആത്മമിത്രങ്ങളും അപ്രകാരം ദീനദയാലുക്കളും നിഷ്പക്ഷപാതന്മാരുമായ മററു പലവിദ്വജ്ജനങ്ങളും നിന്നെ സംരക്ഷിച്ചു കൊള്ളും.

നിന്റെ ആശാപോതങ്ങളെ ആ മഹൽ സാഹായ്യരജ്ജുക്കളിൽ ദൃഢമായി ബന്ധിച്ചുകൊണ്ടു ഈ ദുർബ്ബലമായ ഗണക സമാജക്കപ്പലിൽ നിന്നു ഈ ലോകസമുദ്രത്തിലേക്കു ചാടുക!

നിന്നെ ഹിംസിക്കത്തക്കവണ്ണം വക്രമതികളാകുന്ന നക്രതിമിംഗലാദി ജന്തുക്കൾ ഈ സമുദ്രത്തിൽ ഉണ്ടായിരിക്കാം! നീ ഈ സമുദ്രത്തിന്റെ അലയിൽപ്പെട്ടുലയുന്നതു കണ്ടാനന്ദിച്ചു കൃതകൃത്യന്മാരാകുന്നതിന

൧. പണ്ട് ഭാൎഗ്ഗവവംശ ജാതനായി "കവി" എന്ന നാമധേയത്തോടു കൂടിയ ഒരു മഹൎഷിയുണ്ടായിരുന്നു എന്നും അദ്ദേഹം ഒരു ഗന്ധൎവ്വന്റെ വിവാഹമുഹൂൎത്തം തെററിക്കയാൽ ശാപം ലഭിച്ചു എന്നും, തന്നിമിത്തം ഭ്രഷ്ടനായ ആ മഹൎഷിയുടെ സന്തതിവൎഗ്ഗമാണ് ഗണകവംശമെന്നും ശാസ്ത്രോക്തിയുണ്ട്, അതിനെ അനുസരിച്ചുതന്നെ ഈ വംശത്തിനു പൊതുവെ "കവിജാതിപ്പുരിഷ"യെന്നു കൂടി പേർ പറഞ്ഞു വരുന്നുമുണ്ട്.

൨. തപസ്സുകൊണ്ടു അത്യൈശ്വൎയ്യസമ്പന്നനായിരുന്ന ഒരു ബ്രാഹ്മണൻ വിദ്യാഭ്യാസത്തിങ്കൽ തനിക്കുണ്ടായിരുന്ന ഔൽസുക്യംനിമിത്തം കൈലാസത്തിങ്കൽ എത്തി ശിവങ്കൽനിന്നും വിദ്യകൾ അഭ്യസിച്ചു കൊണ്ടിരിക്കേ ഒരു ദിവസം അദ്ദേഹത്തിനു പതിവുള്ള സമുദ്രസ്നാനത്തിനായി പോയപ്പോൾ നാലുസമുദ്രതീരങ്ങളിൽ നിന്നും ഗ്രന്ഥത്തിന്റെ ഓലകൾ യാദൃച്ഛികമായി ലഭിച്ചു എന്നും, വിവരം ശിവസന്നിധിയിൽ അറിയിച്ചപ്പോൾ, ദുൎബ്ബുദ്ധികളായ ശിഷ്യഗണങ്ങളോടു കോപിച്ച് ഗ്രന്ഥങ്ങൾ അഴിച്ച് സമുദ്രതീരങ്ങളിലേക്ക് താൻ ഒരവസരത്തിൽ എറിഞ്ഞു കളഞ്ഞതാണെന്നും ലഭിച്ചതെല്ലാം അഭ്യസിച്ചുകൊള്ളണമെന്നു ശിവൻ കല്പിച്ചു എന്നും, നാലു സമുദ്രതീരങ്ങളിൽനിന്നും ലഭിച്ചിട്ടുള്ളതു ജ്യോതിഷം, മാന്ത്രികം, വൈദ്യം, ആയുധാഭ്യാസം, എന്നിങ്ങനെ നാലു വിദ്യകൾ ആയിരുന്നു എന്നും, ആ ബ്രാഹ്മണൻ അവയെ പഠിച്ച് ഉപയോഗിച്ചുവരുമ്പോൾ അദ്ദേഹത്തിനു ഒരു ഗന്ധൎവ്വവിവാഹത്തിങ്കൽ അല്പം പിശകു പററിയനിമിത്തം സുബ്രഹ്മണ്യൻ അദ്ദേഹത്തെ ശപിച്ചുഎന്നും ശാപവശത്താൽ ഭ്രഷ്ടനായ ആ ബ്രാഹ്മണനിൽ നിന്നാണ് ഗണക വംശോല്പത്തി എന്നും വേറൊരു പുസ്തകത്തിൽ ഘോഷിച്ചിരിക്കുന്നു.

൩. തുളുവൎഗ്ഗത്തിൽ പെട്ട ഒരു ബ്രാഹ്മണസ്ത്രീക്കു സുബ്രഹ്മണ്യനിൽനിന്നും സ്വപ്നത്തിൽ ഗൎഭോല്പാദനമുണ്ടായി എന്നും ആ സ്ത്രീ ഭൎത്തൃവിഹീനയായിരുന്നതിനാൽ ഭ്രഷ്ടാക്കപ്പെട്ടു എന്നും ആ ബ്രാഹ്മണസ്ത്രീയിൽ അന്തൎഭവിച്ചിരുന്ന സുബ്രഹ്മണ്യബീജമാണ് ഗണകവംശത്തിന്റെ നിദാനഭൂതമായി പരിണമിച്ചതെന്നും പറയുന്നുണ്ട്.

൪. ശ്രീരാമസ്വാമി രാവണവധം കഴിഞ്ഞു അയോദ്ധ്യയിൽ ചെന്നു വിഭീഷണാദികളെ മടക്കി അയച്ച ശേഷം സീതാസമേതനായി സസുഖം വാണരുളുമ്പോൾ; ഒരിക്കൽ അസംഗതമായി ഭഗവാൻ ഒന്നു ചിരിച്ചുവത്രേ, അതിന്റെ കാരണമറിവാനായി വിസ്മയപൂൎവ്വം സീതാദേവി ചോദിച്ചപ്പോൾ ഭഗവാൻ ഇപ്രകാരം കല്പിച്ചു. അല്ലയോ പ്രിയദേവി! ലങ്കായുദ്ധം നിമിത്തം ഹതമംഗല്യകളായ രാക്ഷസസ്ത്രീകൾ വിഭീഷണനെ അഭിമുഖമായി തടുക്കുന്നു. ആ സ്ത്രീകൾക്കു ഭൎത്താക്കന്മാരെ കൊടുക്കാതെ വിഭീഷണനെ അകത്തേക്കു പ്രവേശിപ്പിക്കയില്ലെന്നാണ് അവരുടെ ശാഠ്യം. വിഭീഷണൻ നിന്നു കഷ്ടണിക്കുന്നു. അതു കണ്ടു ഞാൻ ചിരിച്ചുപോയതാണ്. ഭഗവാന്റെ ഈ വാക്കുകളെ കേട്ടു് അഗതികളിലുള്ള ആൎദ്രത നിമിത്തവും ഭൎത്തൃവിയോഗത്താൽ താൻ അനുഭവിച്ച അപാരമായ ദുഃഖസ്മരണ തന്റെ ഹൃദയത്തിൽ പതിഞ്ഞിരുന്നതു കൊണ്ടും തൽക്കാലം തനിക്കുണ്ടായ ഉൽക്കണ്ഠയെ താഴെ പറയും പ്രകാരം ഭഗവാനോടറിയിച്ചു.

സ്വാമിൻ! ദയവുണ്ടായി എത്രയും വേഗത്തിൽ സാധുക്കളായ ആ രാക്ഷസസ്ത്രീകളുടെ ദുഃഖശാന്തിക്കു എന്തെങ്കിലും ഒരു നിവൃത്തിമാൎഗ്ഗം ഉണ്ടാ

കേണ്ടതാണ്. "അയ്യോ നാം നിനാലത്ഭുതമല്ലയോ ഭാര്യാവിയോഗജദുഃഖം രഷ്യപദത!" അതിനാൽ എന്റെ ഈ ആഗ്രഹത്തെ സാധിക്കുന്നതിനു മുമ്പായി അന്യ കൃത്യത്തിൽ അല്പം പോലും സമയവ്യയം ചെയ്യരുതെന്നു പ്രതിജ്ഞാപൂർവ്വം അപേക്ഷിച്ചു കൊള്ളുന്നു.

ദേവിയുടെ ഈ അപേക്ഷാനുസരണം ഉടൻ തന്നെ ഭഗവാൻ പരശുരാമനെ വരുത്തി ആലോചിച്ചു രണ്ടാളും കൂടി വിമാനത്തിൽ കയറി ലങ്കയിൽ ചെന്ന് ദുഃഖനിമഗ്നകളായ രാക്ഷസ സ്ത്രീകളെ വിമാനത്തിൽ കയററി കേരളത്തിൽ—അതായത് സഹ്യപർവതത്തിന്റെ പശ്ചിമസാനുക്കളിൽ താമസിപ്പിച്ചു.

അക്കാലത്ത് കേരളനിവാസികളായിരുന്ന ആര്യബ്രാഹ്മണരുടെ ശുശ്രൂഷകന്മാരായി പരദേശികളായ ഒരു വർഗ്ഗക്കാർ ഉണ്ടായിരുന്നു: അവർക്കു ഭാര്യമാരായും മററും അവരുടെ ഇടയിൽ സ്ത്രീകൾ ഇല്ലാതെയിരുന്നതിനാൽ അവർക്കുള്ള സങ്കടം അവർ പരശുരാമനെ അറിയിച്ചു. പരശുരാമൻ ആ സങ്കട നിവൃത്തിക്കായി മുൻ പ്രസ്താവിച്ച രാക്ഷസസ്ത്രീകളെ വരുത്തി കാണിക്കുകയും ആ സ്ത്രീകൾ നഗ്നരൂപിണികളായിരുന്നതിനാൽ പ്രസ്തുതപുരുഷന്മാർ തങ്ങളുടെ കൈവശമുണ്ടായിരുന്ന വസ്ത്രങ്ങളെ ഓരോരുത്തർക്ക് പ്രദാനം ചെയ്കയും ആ സ്ത്രീകളെ അവരവർ ഭാര്യമാരാക്കി സ്വീകരിച്ചുകൊള്ളുന്നതിനു പരശുരാമൻ ആജ്ഞാപിക്കയും ചെയ്തു.

അപ്രകാരം പരശുരാമാജ്ഞയെ അനുവർത്തിച്ചു അവർ താമസിക്കുകയും സന്തതികൾ ജനിക്കയും ചെയ്തപ്പോൾ അവരുടെയിടയിൽ ആവശ്യപ്പെട്ട ജാതകം, പ്രശ്നം, മുഹൂർത്തം മുതലായവയും, മാന്ത്രികകർമ്മങ്ങളും ബ്രാഹ്മണർ തങ്ങളുടെ ആഭിജാത്യഭ്രമം നിമിത്തം നടത്തിക്കൊടുക്കായ്കയാൽ ഉണ്ടായ ബുദ്ധിമുട്ടിനെ ആ ശുശ്രൂഷകന്മാർ പരശുരാമനെ അറിയിച്ചു. പരശുരാമൻ പരദേശത്തു "ജ്യോതിഷ്മതി" എന്നുപേരോടുകൂടിയ ഒരു ഗ്രാമത്തിൽ നിന്നും നാലില്ലക്കാരായ ബ്രാഹ്മണരെ വരുത്തി ആ പ്രേഷ്യവർഗ്ഗത്തിന്റെ ആവശ്യങ്ങൾ നിറവേററി കൊടുക്കുന്നതിനു അവരോടു ആജ്ഞാപിക്കയും അവരതിനെ സമ്മതിച്ചു പ്രവൃത്തിക്കയും ചെയ്തു. ദാസ്യവർഗ്ഗത്തിന്റെ ആചാര്യസ്ഥാനത്തെ അവലംബിച്ചതിനാൽ പൂർവ്വനിവാസികളായ ബ്രാഹ്മണർ ഇവരെ ഭ്രഷ്ടന്മാരാക്കി ഗണിക്കുകയും സംഘബലം ഇല്ലായ്കയാൽ ഇവർ ആ നിലയിൽ തന്നെ വർത്തിച്ചു പോരുകയും ചെയ്തു. ഈ നാലില്ലക്കാരായ ബ്രാഹ്മണരിൽ നിന്നും ഉത്ഭവിച്ചതാണ് കേരളത്തിലെ ഗണകസമുദായം എന്നു പറയുന്നു.

തുടരും.

# വാടിയതാമര.

എൻ. കെ. കേരളപണ്ഡിതർ.

(തുടർച്ച)

ആകട്ടെ, യെന്തിനധികംപറയുന്നകാര്യ-
മാകട്ടെ, യെന്റെമലരേ! ദയനീയയായ് നീ
നാകാലയാധികസുഖംതടവുന്നനിന്നി-
ലേകാംവിയോഗവിധുരത്വമഹാര്യമീശൻ.

ഈരാവിലിങ്ങിനെഭവദ്ദശകണ്ടുഡുക്ക-
ളോരാതെതങ്ങളുടെഭാവിയെഹാ! ഹസിച്ചോ?
ചേരുംഹസിക്കുകിലിതേനില്ല, നിന്റെഹാസ്യ-
ക്കാരാലടങ്ങു, മലരേ! യഴലാൻ-കൊള്ളാം.

സാധ്യക്കളാംപരഹിതാർത്ഥികളാന്നസൌഖ്യ-
രോധംമഹാർഹ,-മഥവാഫണിമുഖ്യനിവാഴും
ബാധാവലിപ്പൂമണിരാജിയിൽനിന്നു,കല്ലു-
ബോധിക്കമെന്റെബലിവേദിവിളുന്നസ്ഥാനം.

പ്രേമംസുനിർമ്മലമയേ! ബഹുസാര, ദിവ്യ-
കാമാസ്ഥിരത്വവതി, ഭവാട്ടെ, വരിഷ്ഠയാംനീ
സോമാനുഗമ്യഗുണനാംരവിയിങ്കൽവച്ച-
സീമാവിഹീനസുദൃഢപ്രണയംജയിപ്പൂ.

ശ്രീകാന്തമായ കുസുമം പിതൃഭൂവിലാരാ-
ണേകുന്നു, നശ്വരപദാർത്ഥ പരാങ്മുഖന്മാർ
ശോകം വെടിഞ്ഞു പരമാത്മമഹാനഭസ്സി-
ലേകം പ്രിയം വിമലെ,മുൽഗതമാം മഹസ്സിൽ.

സ്നേഹം ത്വദീയമതിനാൽ കൃതകൃത്യമാണു
ദേഹത്തിലെന്തു? മലരേ! വളരട്ടെവാട്ടം
ആഹാര്യ മിപ്പ് ഭുവി, വദാന്യജനം ഗുണത്തി-
ലീഹാകുലം സ്വമലിനാംഗവിനഷ്ടശോകം.

ശ്രീമത്ത്വവും ചെറിയ നാളിലുദീത,മിന്നു
സാമാന്യയൌവനജമാം പ്രഥമശോഷവുംതേ
സോമന്നു വന്നൊരുപെരുഞ്ചിരിയും സദാകാവ-
മീ മന്നിലേതൊരുവനാന്നി സംഹിക്കമാട്ടു. (തുടരും)

# ഹിന്ദുക്കളുടെ ജ്യൌതിഷം.

പുതുപ്പള്ളിൽ പി. കെ. പണിക്കർ.

"വേദസ്യ ചക്ഷുഃ കിലശാസ്ത്രമേതൽ"

'ജ്യൌതിഷം നേത്രമുച്യതേ, എന്നും മററും ഹൈന്ദവസൂരികൾ തങ്ങളുടെ മൂലപ്രമാണമായ വേദത്തിൻെറ കണ്ണാണെന്നു ഐകകണ്ഠ്യേന സമ്മതിക്കുന്ന ഒരു വിശിഷ്ടശാസ്ത്രമാകുന്നു ജ്യൌതിഷം. ഇതിനു പ്രമാണമെന്നും, ഫലമെന്നും, പ്രാധാന്യേന രണ്ടുപിരിവുകളാണുള്ളതു്. പ്രമാണത്തിൽ സൂൎയ്യചന്ദ്രഗ്രഹണങ്ങൾ, ഗ്രഹങ്ങളുടെ ഉദയാസ്തമയങ്ങൾ, ഗതിഭേദങ്ങൾ, ശൃംഗോന്നതി, ഭൂഗോള ഖഗോളങ്ങൾ മുതലായവയെ വിശദമായിട്ടു വിവരിക്കുന്നു. ഫലത്തിൽ ജാതകം, പ്രശ്നം, ദൂതലക്ഷണം, മുഹൂൎത്തം മുതലായവയും ഉൾപ്പെട്ടിരിക്കുന്നു. ഇപ്പോൾ പാശ്ചാത്യന്മാരെടുത്തു തേച്ചുമിനുക്കി വെച്ചിരിക്കുന്ന ദശാംശം, ബീജഗണിതം, ക്ഷേത്രവ്യവഹാരം മുതലായ ഗണിതതത്വരത്നങ്ങളെല്ലാം ഹിന്ദുക്കളുടെ പ്രമാണസ്കന്ധമാകുന്ന മഹാസമുദ്രത്തിൽ ചിതറിക്കിടന്നവയാണു. സംകലനം, വ്യവകലനം, ഗുണനം, ഹരണം, വൎഗ്ഗം, വൎഗ്ഗമൂലം, ഘനം, ഘനമൂലം, എന്നുള്ള എട്ടു ക്രിയകളും ഹിന്ദുക്കൾക്കു പരിചിതങ്ങളായിരുന്നു. സംഖ്യാനാംയുതിവിയുതിർഗ്ഗുണനംഹരണഞ്ചവൎഗ്ഗമൂലഞ്ച ഘനംഘനമൂലേ ചൈതൽ സാദ്ധ്യതമംഗണിത മാഹുരാചാൎയ്യാഃ. (സിദ്ധാന്തമാല) ഇതിനപ്പുറം പാശ്ചാത്യന്മാരും കടന്നിട്ടുണ്ടോ എന്നുള്ളതു സംശയമാണ്.

സൂൎയ്യഗ്രഹണം, ചന്ദ്രഗ്രഹണം മുതലായ സംഭവങ്ങളുടെ സൂക്ഷ്മതത്വങ്ങളും ഹിന്ദുക്കൾ മനസ്സിലാക്കീട്ടുണ്ടായിരുന്നു എന്നുള്ളതു അവരുടെ ഗ്രന്ഥസമുച്ചയത്തെ കൂലംകഷമായി പരിശോധിക്കുന്ന ഏതൊരുത്തനും സമ്മതിക്കുന്നതാണ്. എത്രയോ പുരാതനമായ ആൎയ്യഭട്ടീയത്തിൽ സൂൎയ്യചന്ദ്രോപരാഗങ്ങളെ വിവരിക്കുന്ന ഘട്ടത്തിൽ മഹാത്മാവായ ആൎയ്യഭട്ടൻ ഇപ്രകാരം പറയുന്നു. ചന്ദ്രോജലമൎക്കോഗ്നിർമൃൽഭൂച്ഛായാപി യാ തമസ്തദ്ധി ഛാദയതി ശശീസൂൎയ്യം ശശിനം മഹതീചഭൂഛായാ, ഇതുകൊണ്ട് ചന്ദ്രൻ സൂൎയ്യനെ മറയ്ക്കുമ്പോൾ സൂൎയ്യഗ്രഹണവും, ഭൂഛായ ചന്ദ്രനെ മറയ്ക്കുമ്പോൾ ചന്ദ്രഗ്രഹണവും സംഭവിക്കുന്നു എന്നാണ് അദ്ദേഹത്തിൻെറ അഭിപ്രായമെന്നു സുവ്യക്തമാണല്ലൊ. പൎവ്വകാലേതു സമ്പ്രാപ്തേ ചന്ദ്രാൎക്കൌ ഛാദയിഷ്യസി. ഭൂമിഛായാഗതശ്ചന്ദ്രം ചന്ദ്രഗോൎക്കം കദാചന, (ബ്രഹ്മപുരാണം) ഇപ്രകാരം വേറെയും പ്രമാണങ്ങൾ കാണുന്നുണ്ട്. പാശ്ചാത്യന്മാരുടെയും അഭിപ്രായം ഇതിൽ നിന്നും വ്യത്യസ്തമല്ലല്ലൊ!. സൂൎയ്യ ചന്ദ്രന്മാരെ സൎപ്പം ചെന്നു ഗ്രസിക്കയാണെന്നും ഒരു വിശ്വാസം സാധാരണന്മാരുടെ ഇടയിൽ നടപ്പുണ്ട് അത് അൎത്ഥവാദബഹുലങ്ങളായ പുരാണങ്ങൾ വായിച്ചു അവയുടെ യാഥാൎത്ഥ്യം മനസ്സിലാക്കാൻ ശക്തിയില്ലാത്ത ഒരു വക ഉപരിപ്ലവബുദ്ധികളുടെ അന്ധവിശ്വാസമെന്നേ പറവാൻ വാടുള്ളു. സൎപ്പം ഗ്രസിക്കയാണെന്നു പുരാണത്തിൽ പറഞ്ഞിട്ടുള്ളതു സൂത്രകാരനായ ഭഗവാൻ ബാദരായണനാണ്' അതിനെ ആ നിലയിൽ തന്നെ ശാസ്ത്രവിരോധമില്ലാതെ സാധിക്കാം. അതിനു തക്കതായ യുക്തിയുമുണ്ട. പുരാണചൎച്ച ഇവിടെ അപ്രകൃതമാകയാൽ തൽക്കാലം അതിലേക്കു പ്രവേശിക്കുന്നില്ല.

ഇതു പോലെ തന്നെ ഭൂഗോളം ചലിച്ചു കൊണ്ടിരിക്കുന്നു എന്നുള്ള തത്വവും പാശ്ചാത്യന്മാരേക്കാൾ എത്രയോ മുൻപേ ആൎയ്യഭട്ടനു അറിവു ണ്ടായിരുന്നു എന്നുള്ളതു് ആൎയ്യഭട്ടീയത്തിലെ അടിയിൽ കാണുന്ന വചനം തന്നെ വെളിവാക്കുന്നുണ്ടു്. 'ചലാപൃഥ്വീസ്ഥിരാഭാതി, ഭൂരേവാവൃത്തവൃത്യാപ്രതി ദൈവസികൌ ഉദയാസ്തമയൌസമ്പാദയതി ഗ്രഹനക്ഷത്രാണാം, സാരം. ഭൂമി ഇളകിക്കൊണ്ടിരിക്കുന്നെങ്കിലും ഉറച്ചിരിയ്ക്കുന്നതു പോലെ തന്നെ തോന്നുന്നു. ഭൂഗോളം തന്നെ കറങ്ങീട്ട് ഗ്രഹനക്ഷത്രങ്ങളുടെ ഉദയാസ്തമയങ്ങളെ ഉണ്ടാക്കുന്നു. ഏതഭിപ്രായത്തിനും വിപരീതകക്ഷികൾ ഏതുകാലത്തുമുണ്ടാകാവുന്നതാകയാൽ ഹിന്ദുക്കളിൽ തന്നെ പലരും ഭൂമി അചലയാണെന്നും വിശ്വസിച്ചു വന്നിരുന്നു. "ഭൂർഭൂമിരചലാനന്താ" (അമരകോശം) ന്യൂട്ടൻ കണ്ടുപിടിച്ചതായി പറയുന്ന ആകൎഷണശക്തിതന്നെ അതിനും എത്രയോ കാലത്തിനു മുൻപേ ഭാസ്കരാചാൎയ്യർക്കറിവുണ്ടായിരുന്നു എന്നു താഴെകാണിക്കുന്ന അദ്ദേഹത്തിൻെറ വചനം കൊണ്ടു തന്നെ നിശ്ചയിക്കാം. 'ആകൃഷ്ടശക്തിശ്ചമഹീതയായൽ സ്വസ്ഥം ഗുരു സ്വാഭിമുഖം സ്വശക്ത്യാ ആകൃഷ്യതേ തൽ പതതീതിഭാതി, ഇത്യാദി ഇതിൻെറ സാരം ഭൂമിയ്ക്കു് ഒരു ആകൎഷണശക്തിയുണ്ടു്, അതുകൊണ്ടു ഗുരുവായ പദാൎത്ഥത്തെ സ്വാഭിമുഖമായിട്ടു ആകൎഷിക്കുന്നു. അതു നിമിത്തം വീഴുന്നു എന്നു തോന്[illegible]കുന്നു. ഭൂസ്ഥിതിയേയും ഭൂസ്വരൂപത്തേയും പററി ഹിന്ദുക്കളുടെ അ[illegible]രമാണ്. 'ഭൂഗോളോവ്യോമ്നിതിഷ്ഠതി' (സൂൎയ്യസിദ്ധാന്തം) ഭൂ[illegible]കാശത്തു തന്നെ നിൽക്കുന്നു. സൎവ്വതഃപൎവ്വതാരാമ [illegible] കദംബകേസരഗ്രന്ഥിഃ കേസരപ്രസവൈവരിവ[illegible] ആരാമങ്ങളാലും ഗ്രാമങ്ങളാലും ചൈത്യങ്ങളാലും മൂടപ്പെട്ടിരിക്കുന്ന ഈ ഭൂമി; പുഷ്പകേസരങ്ങളാൽ മൂടപ്പെട്ടിരിക്കുന്ന കടമ്പിൻെറ കേസരഗ്രന്ഥി പോലാകുന്നു. കപിത്ഥഫലവദ്വിശ്വം ദക്ഷിണോത്തരയാസമം (നക്ഷത്രകല്പം) 'ഭൂഗോളം തെക്കുവടക്കായിട്ടു വിളാംകാ പോലെ നിൽക്കുന്നു'.

പുരാതനകാലങ്ങളിൽ ഗണിതസ്കന്ധത്തെ പഠിപ്പിച്ചിരുന്നതു പരിഷ്കൃതരീതിയിലായിരുന്നു എന്നുള്ളതു് പദാൎത്ഥദീപികയിലെ ഈ പദ്യം വെളിവാക്കുന്നുണ്ടു്. 'അഭീഷ്ടം പൃഥ്വീഗോളം കാരയിത്വാതു ദാരവം തദ്വൽ ഖഗോളകം കൃത്വാ ഗുരുശ്ശിഷ്യാൻ പ്രബോധയേൽ, സാരം, ഗുരു, ഭൂഗോളഖഗോളങ്ങളെ തടി കൊണ്ടു ഉണ്ടാക്കീട്ടു അവയുടെ സ്ഥിതിഭേദങ്ങളെ ശിഷ്യന്മാരെ ഗ്രഹിപ്പിക്കണം. ഇപ്രകാരം പാശ്ചാത്യന്മാർ അഭിനവമായിക്കണ്ടു പിടിച്ചിട്ടുള്ളവയെന്നു സാധാരണന്മാർ വിശ്വസിച്ചു പോരുന്ന ഗണിതതത്വങ്ങളെല്ലാം സൂക്ഷ്മമായി പരിശോധിച്ചാൽ ഹിന്ദുക്കളുടെ ഗണിതസ്കന്ധത്തിൽ അങ്ങുമിങ്ങും ചിതറിക്കിടക്കുന്നതായിക്കാണാം. ഇതെല്ലാംകൊണ്ടും ഹൈന്ദവജ്യൌതിഷികൾ അസാമാന്യമായ ബുദ്ധിശക്തിയുള്ളവരായിരുന്നു എന്നു തെളിയുന്നുണ്ടു്. ഇവരുടെഗണിതസ്കന്ധം പാശ്ചാത്യന്മാരും സശിരഃകമ്പം സമ്മതിയ്ക്കുന്നതാണ്. ഇപ്രകാരം ജ്യോതിസ്സുകളുടെ ഗതിയെ പരിഗണിക്കുന്നതിനു പൂൎവ്വന്മാർ ചെയ്ത പരിശ്രമം നിഷ്പ്രയോജനമെന്നു വരുന്നതാണോ? ഒരു കാലത്തും വരുന്നതല്ല! പ്രയോജനമനുദ്ദിശ്യനമന്ദോപി പ്രവൃത്തതേ, എന്നുണ്ടല്ലൊ. ലോകതത്വത്തിൽ ഹിന്ദുക്കളുടെ പരിജ്ഞാനം അഗാധമാണെന്നു മാക്സ്മുള്ളർ, മുതലായ ആംഗ്ലേയപണ്ഡിതന്മാർ പോലും സമ്മതിക്കുന്നതാണല്ലൊ. അവരുടെ ആ പരിജ്ഞാനത്തിൻെറ ഫലമായിട്ടു ലോകത്തിലുള്ള സകല പദാൎത്ഥ

ങ്ങൾക്കും കൂടി ഒരു കാര്യകാരണ സംബന്ധമുണ്ടെന്നു അവർ മനസ്സിലാക്കി, ഇതിൽ നിന്നാകുന്നു വേദാന്തികളുടെ പഞ്ചീകരണ സമ്പ്രദായം, കണാദന്റെ പരമാണുശാസ്ത്രം മുതലായതിന്റെ ഉത്ഭവം. ആദിത്യാദി മഹാഗോളങ്ങളുടെ സ്ഥിതിഭേദം കൊണ്ടു ദൃശ്യാദൃശ്യങ്ങളായ ചില പ്രകൃതി ഭേദങ്ങൾ ഭൂഗോളത്തിനു അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നും അവ തദ്വാരാ മനുഷ്യരിലും വ്യാപിക്കുന്നതാണെന്നും അതുകൊണ്ടു ഉൽപാദന സമയത്തെ പ്രകൃതി അനുസരിച്ചിരിക്കും ശിശുവിന്റെ പ്രകൃതിയെന്നുമാണ് അവരുടെ സിദ്ധാന്തം. ഈ പ്രയോജനത്തെ ഉദ്ദേശിച്ചാണു അവർ സൂര്യാദി ഗ്രഹങ്ങളുടെ സ്ഥിതിഭേദങ്ങളെ കണ്ടുപിടിക്കുന്നതിനു ഒരുമ്പെട്ടതു.

എന്നാൽ പാശ്ചാത്യന്മാർ ഫലഭാഗത്തിൽ ഇതുവരെയും ഒരു ചുവടുപോലും വെച്ചിട്ടില്ല. അവരിൽ തന്നെ ചിലർ ഈയിടെ ഗ്രഹങ്ങളുടെ സ്ഥിതിഭേദം കൊണ്ടു ഭൂഗോളത്തിനു ഏതോ ചില വ്യത്യാസങ്ങളുണ്ടാകുന്നു എന്നു കണ്ടുപിടിച്ചു തുടങ്ങിയിട്ടുണ്ട്. അവരുടെ ഗോളഗണിതത്തിന്റെ പ്രയോജനം ഇപ്പോഴും മിക്കവാറും പ്രകൃതി വ്യാപാരത്തെ മനസ്സിലാക്കി രസിക്കുയെന്നുള്ളതാണ്. എന്നാൽ പരിശ്രമശാലികളായ ആ മഹാശയന്മാർ ഫലഭാഗത്തിലെ യുക്തി ഞങ്ങൾക്കിതു വരെ കിട്ടിയിട്ടില്ല എന്നു പറയുമെന്നല്ലാതെ ഇതിനെ കണ്ണുമടച്ചു പരിഹസിക്കുമെന്നു തോന്നില്ല. ഈ വിഷയത്തിൽ നമ്മുടെ ചെറുപ്പക്കാരുടെ അഭിപ്രായം വളരെ രസകരവും ദയനീയവുമാണ്. അവരുടെ കാര്യത്തിൽ 'അലോകസാമാന്യ മചിന്ത്യഹേതുകം ദ്വിഷന്തിമന്ദശ്ചരിതം മഹാത്മനാം, എന്നു മഹാകവികാളിദാസൻ പറഞ്ഞിട്ടുള്ളതുകൊണ്ടു സമാധാനപ്പെടുകയെ നിവൃത്തിയുള്ളു.

ഇനി സൂര്യാദി ഗ്രഹങ്ങളുടെ സ്ഥിതിഭേദം കൊണ്ടു ഭൂഗോളത്തിനു പ്രകൃതിവ്യത്യാസമുണ്ടാകുമെന്നും അതു തദ്വാരാ മനുഷ്യരിലും വ്യാപിക്കുന്നതാണെന്നുമുള്ള അവരുടെ പ്രമാണത്തിനു യുക്ത്യനുഭവങ്ങളുണ്ടോ എന്നു നോക്കാം. ഇവിടെ പരിണാമശാസ്ത്രത്തോടു മിക്കവാറും യോജിക്കുന്ന ലളിതാസുന്ദരീകാരന്റെ ചില അഭിപ്രായങ്ങളെത്തന്നെ ഉദ്ധരിക്കാം. സ്ഥൂലരൂപേണ പരിണമിച്ച ബ്രഹ്മതേജസ്സാകുന്നു ആദിത്യൻ; അക്കാലത്തു നമ്മളിപ്പോൾ കാണുന്ന പ്രാണികളൊന്നുമില്ലായിരുന്നു. പിന്നെ ജലമയനായ ചന്ദ്രനുണ്ടായി, അപ്പോൾ ആ പ്രകൃതിയിൽ നിന്നു ജലജന്തുക്കളുണ്ടായി. പിന്നെ അഗ്നിമയനായ ചൊവ്വായുണ്ടായി, അപ്പോൾ മൃഗങ്ങളും ഇഴജന്തുക്കളും ഉണ്ടായി. പിന്നെ ബുധനുണ്ടായി അപ്പോളാണു പക്ഷികളുണ്ടായതു. പിന്നെ വ്യാഴമുണ്ടായി അപ്പോൾ നരസിംഹം. (മൃഗച്ഛായയും മനുഷ്യച്ഛായയും) ഉണ്ടായി. പിന്നെ ശുക്രനുണ്ടായി അപ്പോൾ വാനരന്മാർ (മനുഷ്യച്ഛായ) ഉണ്ടായി. പിന്നെ ശനിയുണ്ടായി, അപ്പോൾ മനുഷ്യനുണ്ടായി. പിന്നെ രാഹുവുണ്ടായി അപ്പോൾ നാഡികൾക്കു പുഷ്ടിവന്നു. പിന്നെ കേതുവുണ്ടായി അപ്പോൾ സന്ധികൾക്കു പുഷ്ടിവന്നു. പിന്നെ ഗുളികനുണ്ടായി അപ്പോൾ നാഡിമർമ്മങ്ങൾക്കു ദാർഢ്യവും ചലനവും ഉണ്ടായി പിന്നെ ധൂമമുണ്ടായി അവിടെ മനുഷ്യന്റെ വളർച്ച, പിന്നെ വ്യതീപാതമുണ്ടായി മനുഷ്യന്റെ ബാല്യകാലം, പിന്നെ പരിവേഷമുണ്ടായി മനുഷ്യന്റെ കൌമാരകാലം പിന്നെ ഇന്ദ്രധനുസ്സുണ്ടായി.

(തുടരും)

# വർഷാകാലം.

പി. കെ. നാരായണൻവൈദ്യൻ

കൊടിയൊരു മുകിലാം മറയ്ക്കകത്താ-
യിടിനിനദാഖ്യയമാനകം മുഴക്കി
വടിവൊടു വർഷാഭിധാന മിന്നൽ
ക്കൊടികളുലത്തി തിരശ്ശു നോട്ടമാന്റു.

ചൊടിയൊടു രസമാരിതൂകി വർഷാ-
നടിവെളിവായ് നിജധർമ്മമാചരിക്കെ
ഝടിതിയതുരസിച്ചു ഭേകലോകം
സ്ഫുടരവമായഭിനന്ദനം തുടന്നു.

ഘനപടലസുനീലകംബളാഖ്യാ-
ദനമതുകൊണ്ടു മറച്ചു സൂര്യബിംബം
വനജിനിയൊടസൂയ കാട്ടി വർഷാം-
ഗനബഹുവാരിപൊഴിഞ്ഞതാഴ്വോളം.

ചെടികളുമ്മരങ്ങൾ പുൽപടപ്പും-
ത്രുടിതസുമങ്ങൾ നിലങ്ങൾ തോട്ടമെല്ലാം
അടിയളവുന്നനഞ്ഞു മൌനമായ്ത്തീ-
ർന്നടവിയു മുഢിതജന്തുചാരയായി

തൊഴിലുകൾ വെളിയിൽ കടന്നുനോക്കാൻ
കഴിവുവരാതെ ജനങ്ങൾ ബുദ്ധിമുട്ടി
വഴികൾ പുഴകളൊക്കെമുങ്ങി യംഭ-
സ്സൊഴുകിയുരുതരയത്തൊടങ്ങുമിങ്ങും.

ചില പറവകൾ പ്രാണരക്ഷചെയ്വാൻ
പലതുമിരന്നു നനഞ്ഞുകൂടി കഷ്ടം!
ചിലതു ചിറകടിക്കെ കണ്ണിനെച്ചോ-
ത്തലശൽ വഹാതെലയിച്ചു കൂട്ടിൽ മന്ദം

ഇരുപുറമൊഴുകുന്ന കുല്യകൈക്കൊ-
ണ്ടൊരുവിഭവം വയൽകൾക്കണച്ചശേഷം
പെരുകിനരയശബ്ദഭംഗിയോടൊ-
ത്തുരുതരഹാസമിയന്നുതുള്ളിയോടി.

അരുവികളഖിലം പുളച്ചു ചാടി-
ട്ടൊരു നദിയെ ശ്ശരണം ഗമിക്കയാലെ
ഒരുവഴി കടലിൽ കടന്നുകൂടി-
ട്ടുരുപദമെത്തു മുരത്തരോട്ടു ചേൎന്നാൽ.

വെളിയിലൊരുവനില്ലബഹിരംഗകാരൻ
കുളിരുപിടിച്ചു വിറച്ചു പോവതെന്ന്യെ
വെളിയുമകവുമഭ്രമുടൽമൂലം
തെളിവുവരാതെകുഴങ്ങിലോകമെങ്ങും

ബലമടിയെ കുറഞ്ഞു കാലശക്ത്യാ
മലനിചയം നിലവിട്ടുലഞ്ഞമൂലം
ചിലരിഹ കിടവച്ചുചെയ്തെററാ-
ത്തലവരനേകർ സുഖത്തൊടും വസിച്ചു

പ്രിയസഖിയുടെചേൎച്ചകൊണ്ടു താപം
നിയതമൊഴിഞ്ഞു സമൃദ്ധി വന്നകൊണ്ടും
സ്വയമചല വഹിച്ചു രോമഹർഷോ-
ദയമുയരുന്ന നവാംകുരങ്ങളാലെ

സമയ വിഹിത വൃത്തിയോൎത്തു മാത്മാ-
രമണ വിദഗ്ധതയേ ദൃഢീകരിക്കും
വിമലകഥകൾ നോക്കിയും നയിച്ചീ-
സമയ മനൎത്ഥമായിടാതെ ഞാനും

---

# ആരോഗ്യം.

കുന്നപറമ്പിൽ കെ. എസ്സ്. നാരായണപിള്ള.

"ധൎമ്മാൎത്ഥകാമമോക്ഷാണാ മാരോഗ്യം മൂലമുത്തമം".

സകലക്കും ഹിതാനുസരണം നാനാവിധത്തിൽ പ്രതിപാദ്യ വിഷയമായി തീൎന്നിരിക്കുന്ന മനുഷ്യ ജീവിതത്തിന്റെ ഉദ്ദേശ്യം ശ്രദ്ധതത്വഗ്രാഹികളാൽ പോലും സാൎത്ഥത്തിൽ നിൎദ്ദേശിക്കപ്പെട്ടിരിക്കുന്നതു് ധൎമ്മം, അൎത്ഥം, കാമം, മോക്ഷം എന്നീ പുരുഷാൎത്ഥങ്ങളെ സാധിക്കുന്നതിനാണെന്നും ഈ നാലവസ്ഥയേയും പ്രാപിക്കുന്നതിന് തലയ്ക്കു തലച്ചോറു് എന്നതു പോലെ

മനുഷ്യനു ശരീരാരോഗ്യം അത്യന്താപേക്ഷിതമായിരിക്കുന്നു എന്നും വ്യക്തമാകുന്നുണ്ടല്ലോ. ഇപ്രകാരമുള്ള അവസ്ഥയെ പ്രാപിക്കുന്നതു് ഒരുവൻെറ ആത്മീയമായും ശാരീരമായും ഉള്ള അതിപ്രയത്നത്തിൻെറ ഫലംമൂലം ആകുന്നു. എന്നാൽ ഈ രണ്ടുവിധപ്രയത്നങ്ങളുടേയും ഏകീകരണം കൊണ്ടല്ലാതെ ഇതു സാധിച്ചുകളയാം എന്നുള്ള വിചാരം; വളരെ ഊക്കോടുകൂടി ഒഴുകുന്ന ഒരു നദിയിലെ ഒഴുക്കിനെതിരായി തുഴയാതെ തൻെറ വാഹനത്തെ കൊണ്ടുപോകാമെന്നു അയുക്തികമായി വാദിക്കുന്ന ഒരു താൎക്കികൻെറ നിലപോലെയോ, അഥവാ ഒരു മരത്തിന്മേൽ സ്ഥിതിചെയ്യുന്ന ഒരു ശാഖയുടെ അഗ്രഭാഗത്തു സസുഖമിരുന്ന് കരവാൾകൊണ്ടു തായിത്തടിയുമായുള്ള ബന്ധത്തെ വേർപെടുത്തുവാൻ തുനിയുന്ന ഒരുവൻെറ ആത്മരക്ഷാമാൎഗ്ഗചിന്തനയെപ്പോലെയോ ആകുന്നു. ഇത്രയും പറഞ്ഞതുകൊണ്ട് ഇവ രണ്ടിൻെറയും പരസ്പര സഹായം കൂടാതെ യാതൊന്നും സാധിക്കുന്നതല്ലെന്നും ഒന്നിനു സംഭവിക്കുന്ന ഹാനി അതേവിധം മറ്റേതിനേയും സംബന്ധിക്കുന്നതാണെന്നും തെളിയുന്നുണ്ടല്ലോ.

അരോഗദൃഢഗാത്രനായ ഒരുവൻെറ ജീവിതം; യാതൊരു മനോവ്യാകുലതയ്ക്കും വശംവദനാകാതെ മന്ദാനിലസുഖത്തെ യഥോചിതം അനുഭവിച്ച് പ്രകൃതിദേവിയുടെമടിയിൽ പൂൎണ്ണനിദ്രയെ പ്രാപിച്ചുകിടക്കുന്ന ഒരു ചെറുപൈതലിൻെറ മുഖദൎശനത്തിനു സമം സുശാന്തമായിരിക്കും. എന്നാൽ നേരെമറിച്ചു ഒരു രോഗിയുടെ അവസ്ഥ സമുദ്രമദ്ധ്യത്തിൽ അതികഠോരമായ ഒരു കൊടുങ്കാററിൽ പെട്ടുഴലുന്ന ഒരു കപ്പലിലെ യാത്രക്കാരുടെ സമാധാനംപോലെ ആകുന്നു. ഇതിൽ നിന്നും ഐഹികസുഖത്തെയും ധൎമ്മത്തെയും സാധിക്കുന്നതിനു സുഗ്രാഹ്യമായ ഒരു പന്ഥാവ് ആരോഗ്യം ആണെന്നും തെളിയുന്നു.

ആരോഗ്യം അഖണ്ഡസച്ചിദാനന്ദപരിപൂൎണ്ണനായ ആ മഹാശയനാൽ നൽകപ്പെട്ടിട്ടുള്ള ഒരു പരമാനുഗ്രഹം ആകുന്നു. ഇതിനെ ശരീരമാകുന്ന സ്വൎഗ്ഗത്തിൽ സ്ഥിതിചെയ്യുന്ന കല്പവൃക്ഷത്തിലെ ഒരു കുസുമമായിട്ടു നമുക്കു ഗണിക്കാം. ഇതു തന്നെയാകുന്നു ജീവിതവൃക്ഷത്തിൻെറ നാരായവേര്. ഭയങ്കരമായ ക്ഷോഭത്താൽ ചലിക്കപ്പെടുന്ന ജനങ്ങളാലും അനേക കിരീടാവകാശികളാലും അവകാശവാദങ്ങൾ പുറപ്പെടുവിക്കപ്പെട്ടുമിരിക്കുന്ന ഒരു രാജ്യത്തിലെ സിംഹാസനാധ്യാസനത്തെ ഒരുവൻ കാംക്ഷിക്കുന്നതിനെക്കാൾ ഉത്തമം; മിതസുഖാനുഭൂതിയോടുകൂടിയ ഒരു കുടിൽവാസം അല്ലയോ? യാതൊരു ശരീരാസ്വാസ്ഥ്യവും കൂടാതെ സാധാരണഭക്ഷ്യപദാൎത്ഥങ്ങൾ അശിച്ചു ജീവിക്കുന്നതാണോ; അതോ രോഗാവസ്ഥയിൽ രാജഭോഗങ്ങൾ അനുഭവിക്കുന്നതാണോ സുഖം?.

ഇംഗ്ലണ്ടു്, അമേരിക്കാ, ജപ്പാൻ, ജൎമ്മനി, ഫ്റാൻസ് എന്നീരാജ്യനിവാസികൾ അരോഗദൃഢഗാത്രതയെ സമ്പാദിക്കുന്ന കൃത്യത്തെ എത്ര നിഷ്കൎഷയോടുകൂടി പ്രഥമതലയിൽ പെട്ട കൃത്യത്തിൽ ഒന്നായി ഗണിച്ച് പാലിച്ചുപോരുന്നു. ഇതുമൂലം നമ്മിൽ നിന്നും അണുപ്രായങ്ങളായ വസ്തുക്കൾ ഭൂതക്കണ്ണാടിയിൽ എന്നവണ്ണം അവരെ വേർതിരിച്ചുവലിപ്പത്തിൽ കാണിക്കുന്നതിന് ഉത്തമമാൎഗ്ഗമായി അവരെ സഹായിക്കുന്ന കായികശക്തി, മാനസികശക്തി, ധൈൎയ്യം, അചഞ്ചലസ്ഥിരത, സഹനശക്തി, ഇവയെ നോക്കുക? ഭാരതരാജ്യനിവാസികളും പരിഷ്കാരയോഗത്തിൽ ആദ്യമായി അഗ്രാസനസ്ഥാനം സ്വീകരിച്ചവരും ലോകത്തിൽ പ്രചാരത്തിൽ വന്നിട്ടുള്ള സകലവിധ തത്വങ്ങളുടേയും ഉടമസ്ഥാവകാശത്തെ സധൈൎയ്യം പ

രമാത്മാവിൽ നിന്നും തീറെഴുതി വാങ്ങിച്ചവരും ആയ നമ്മുടെ പൂർവ്വികന്മാരായ വിശിഷ്ട ചൈതന്യങ്ങളുടെ പിൻഗാമികളാണ് നാം എന്നു പറഞ്ഞു ഞെളിയുന്നതുകൊണ്ടു എന്താണൊരു ഫലം! ഇതാരാണ് വകവയ്ക്കുന്നതു്! അമൂല്യങ്ങളും, അനാഘ്രാതങ്ങളും, ശ്രേഷ്ഠതമങ്ങളും ആയ വിചാരവല്ലികളെ ഹൃദയമാകുന്ന ആരാമത്തിൽ അവർ കൃഷി ചെയ്തു, സ്ഫടികതുല്യമായ തപജ്ഞാന ജലത്തെ പകർന്ന് യഥേഷ്ടം അവയെ നനച്ചു വളർത്തി, അവയിൽ നിന്നും ഗ്രന്ഥങ്ങളാകുന്ന പുഷ്പങ്ങൾ ഉണ്ടായി എന്നുകൊണ്ടു മധുവിനെ നാം പാനം ചെയ്യാതിരിക്കുന്നു. പുഷ്പം വണ്ടിനെ അന്വേഷിച്ചുപോകുന്നില്ല എന്നു കണ്ണുള്ളവർക്കു പറഞ്ഞു കൊടുക്കേണമോ. അനവധി കഷ്ടതകൾ അനുഭവിച്ചു തറവാട്ടിലേക്കു ആർജ്ജിച്ചതായ വിത്തത്തെ നിഷ്പ്രയാസം ഹിതംപോലെ ദുഷ്പ്രവൃത്തികളിലേയ്ക്കു ഒരു ഭാഗിനേയൻ ചിലവഴിക്കുന്നതു കണ്ടുകൊണ്ടു ആ തറവാട്ടിൽ വസിക്കുന്ന ഒരു കാരണവർക്കു തുല്യം എന്തിനു നാം നമ്മുടെ ആദ്യപുരാതനന്മാരെ ആക്കുന്നു.

“ശരീരമാദ്യം ഖലു ധർമ്മസാധനം”. ഇതായിരുന്നു നമ്മുടെ പൂർവ്വികന്മാരുടെ ഒന്നാമത്തെ പ്രമാണം. ഇതിൽ സംക്ഷിപ്തമായി അന്തർഭവിച്ചിരിക്കുന്ന ശ്രദ്ധാരൂപം മനസ്സിലാക്കി തദ്വാരാ ജീവിതത്തെ നയിച്ചവരാണ് ഇൻഡ്യയിലെ പുരാതന നിവാസികൾ. ഏതു ക്രിയാസാഫല്യത്തിനും ഒന്നാമതായി നാം പ്രവർത്തിക്കേണ്ട കൃത്യം ശരീരത്തെ സ്വാസ്ഥ്യാവസ്ഥയിൽ വച്ചുകൊണ്ടിരിക്കാനുള്ളതാകുന്നു.

മനുഷ്യശരീരം രസം, രക്തം, മാംസം, മേദസ്സ്, അസ്ഥി, മജ്ജ, ശുക്ലം എന്നിങ്ങനെയുള്ള സപ്തധാതുക്കളാൽ സംഘടിതമാകുന്നു. ഇവ പരസ്പരസഹായത്തോടു കൂടി സദാ വർത്തിക്കുന്നു. ഏതു നിസ്സാരമായ ഹാനിയും ഏതെങ്കിലും ഒരംശത്തിനു സംഭവിക്കുന്നതായാൽ; അതു സർവ്വവ്യാപിയായിതീർന്നു നാശത്തെ ഉളവാക്കും. ലോകസുഖത്തെ അനുഭവിക്കുന്നതിനും കൊണ്ടാടുന്നതിനും ഉള്ള അധികാരം ഇത്രമാത്രം എന്നു ആർക്കും വ്യവസ്ഥപ്പെടുത്തപ്പെട്ടിട്ടില്ല. പക്ഷേ ജീവിതം മാത്രം ചില പ്രകൃത്യാ നിയമനങ്ങൾക്ക് അധീനപ്പെട്ടിരിക്കണം. പ്രകൃതി നിയമാനുസാരേണ തന്റെ ജീവിതത്തെ നയിക്കുന്നതിനു ഒരുവനുള്ള പാടവം ആണ് “ആരോഗ്യം”. ഇതിന് ആദ്യമായി നാം ചെയ്യേണ്ട കൃത്യം നമ്മിൽ അന്തർഭവിച്ചിരിക്കുന്നതും, മാരുതഗതിയിൽ പെട്ട അരയാൽ ദളം പോലെ ചലിച്ചുകൊണ്ടിരിക്കുന്നതും ആയ മനസ്സിനെ സ്വശക്തിയാകുന്ന പാശത്താൽ വ്യതിചലിക്കാതെ ബന്ധിക്കുകയാകുന്നു.

നവഗ്രഹങ്ങളിൽ സൂര്യനെപ്പോലെയും, താരതതികളിൽ ചന്ദ്രനെപ്പോലെയും, പ്രജകളുടെ ഇടയിൽ വത്സലനായ രാജാവിനെപ്പോലെയും പ്രാധാന്യത്തോടു കൂടിയതാകുന്നു ദേഹത്തിൽ ധാതു. ഇതിന്റെ ഉത്ഭവം പരിശുദ്ധരക്തത്തിൽ നിന്നും ആകുന്നു. ഏതു സമയത്തു ധാതുവിനു പുഷ്ടി കുറയുന്നുവോ, അതേ നിമിഷം മുതൽ ഒരുവൻ അവന്റെ ഇഹത്തിൽ നിന്നുമുള്ള വേർപാടിന് വട്ടം കൂട്ടി തുടങ്ങുന്നു. ശുദ്ധധാതുവിന്റെ അഭാവത്തിൽ നിന്നാകുന്നു മരണം.

“മരണം ബിന്ദുപാതേന ജീവനം ബിന്ദുധാരണാൽ” (ശിവസംഹിത) എന്നുണ്ടല്ലോ. യാതൊരു ജ്ഞാനവും കൂടാതെ സന്മാർഗ്ഗരീതിയിൽ നിന്നും വ്യതിചലിച്ചു നികൃഷ്ട വിചാരങ്ങൾക്കും, ദുർവൃത്തികൾക്കും വശംവദരായി ധാതുവിനെ നഷ്ടമാക്കുന്ന യുവഹൃദയങ്ങളുടെ ദയനീയമായ അവ

സ്ഥ എന്തായിരിക്കും! നേരമറിച്ചു സകലവിധ ആശകളേയും അടക്കി വിജയിയായി വരുന്ന ഒരുവൻെറ ജീവിതം എത്ര പാവനവും, അനുകരണീയവും, സ്തുത്യർഹവും ആയിരിക്കും

"Chastity is life and sensuality is death".

ഈ ഘട്ടത്തിൽ എൻെറ അപേക്ഷയെ സ്വീകരിക്കുന്നതിന് ഞാൻ വിശേഷാൽ ക്ഷണിച്ചുകൊള്ളുന്നതു എൻെറ ബാലസഹോദരങ്ങളേയും യുവസഹോദരങ്ങളേയും ആകുന്നു. അല്ലയോ സുഹൃത്തുക്കളും ഭാരതഖണ്ഡത്തിൻെറ ഭാവിപൌരന്മാരും ആയ യുവജനങ്ങളേ! വിദ്യാലയജീവിതമാകുന്ന മനോരാജ്യത്തിൽ കടന്ന് പരാർജ്ജിതമായ ജ്ഞാനഹേമത്തെ കവൻ സസുഖം ജീവിതധരണിയിൽ കാലം കഴിച്ചു കൂട്ടണമെന്നുള്ള വാഞ്ഛ തിലസദൃശമെങ്കിലും നിങ്ങളുടെ ഹൃദയത്തിൽ ഉള്ളപക്ഷം നികൃഷ്ടവിചാരങ്ങൾക്കും, ദുർമ്മാർഗ്ഗികളായ സഹപാഠികളുമായുള്ള വിനോദങ്ങൾക്കും പാത്രങ്ങളായോ അഥവാ വശംവദരായോ തീരാതെ, ഉത്തമ ഗുരുക്കന്മാരുടെ ശിഷ്യത്വത്തെയും, ഉത്തമമാതാപിതാക്കന്മാരുടെ മാതൃകാസംരക്ഷണത്തേയും കാംക്ഷിച്ചു, സമാജത്തിൽ നിന്നും ഉത്തമസമാജത്തിലേക്കു സ്ഥലം മാറി വികസിതഹൃദയരായും, സകലരാലും ആദരണീയരും അനുകരണീയരും ആയ പുരുഷരത്നങ്ങളായിത്തീരുന്നതിന് അനുഗ്രഹിക്കുകയും ശ്രമിക്കുകയും ചെയ്യുവിൻ!.

ഇൻഡ്യാക്കാരായ നമ്മളെ ബാധിച്ചിരിക്കുന്ന ഒരു ഒഴിയാബാധ അകാലത്തിൽ ഉള്ള ധാതു സംഹാരകാരണം ആകുന്നു. ഇതിൻെറ ഫലം എന്താണെന്നു നിങ്ങൾ ചോദിക്കുന്നതായാൽ എനിക്കു പറയുന്നതിനുള്ള മറുപടി; ഇംഗ്ലണ്ടിൽ നിന്നും, ഇൻഡ്യയിൽ നിന്നും സമവയസ്സുള്ളവരായ രണ്ടു യുവാക്കന്മാരെ കണ്ണിനു നേരെ നിർത്തി ഇരുവരെയും പററി ഭംഗിയായ ഒരു വിവരണം തയാറാക്കി നിങ്ങൾ തന്നെത്താൻ രചിച്ചപ്പെടുത്തണം എന്നുള്ളതാകുന്നു.

മേൽപ്രകാരം നാം ഒന്നു വിവരിക്കുന്നതായാൽ ഒരു ഇൻഡ്യാക്കാരൻ ക്ഷീണിച്ച ശരീരം, മന്ദബുദ്ധി, ദുഷ്ടഹൃദയം, പരിതാപകരമായ കാഴ്ച, അകാല വൃദ്ധത്വം, ഞൊറിഞ്ഞ ശരീരം, കുഴിഞ്ഞതും ചുളിഞ്ഞതും ആയ നെററി, ഫാല ഗിരിയുടെ അടിവാരത്തിൽ പെട്ട രണ്ടു കണ്ണുകൾ, പതറിയസ്വരം എന്നീവിധ വിവരങ്ങൾക്കും; ഇംഗ്ലീഷു യുവാവു രക്തപുഷ്ടിയോടുകൂടിയ ശരീരം, വിശിഷ്യ അതിസൂക്ഷ്മ ദർശികളായ നേത്രങ്ങൾ, രക്തപ്രസാദമുള്ള കവിൾത്തടങ്ങൾ, ആനന്ദപ്രദമായ ദർശനം, ബലവത്തും സർവ്വാംഗ സുന്ദരവുമായ കളേബരം എന്നീവിധം വിപരീതാലങ്കാരങ്ങൾക്കും ആശ്രയഭൂതനായി തീരുമെന്നു ഐകകണ്ഠ്യേന സമ്മതിക്കുന്നതാണല്ലോ.

യുവാക്കന്മാരെ തന്നെയല്ല ഈ കൃത്യത്തിൽ കുററം പറയാനുള്ളതു നമ്മുടെ ഇടയിലുള്ള അകാല കല്യാണത്തെ കൂടെയാകുന്നു. ഈ ഘട്ടത്തിൽ ഞാൻ പ്രത്യേകം അപേക്ഷിക്കുന്നതു് ബാലന്മാരുടെ രക്ഷാകർത്താക്കന്മാരോടാകുന്നു. സ്വാർത്ഥകാരനായ ഒരു ക്രൂരന്യായിയോ അഥവാ ദ്രവ്യഷണ്ഡനോ തൻെറ സുകുമാരശരീരനായ സന്താനത്തിൻെറ മുഖത്തു നോക്കി ', അയ്യോ! എൻെറ അയ്യായിരം രൂപായുടെ പലിശ നഷ്ടപ്പെടുന്നല്ലോ,, എന്നു നിനച്ചു പെട്ടെന്നു കല്യാണം നിശ്ചയിച്ചു തരപ്പാതാ പുത്ര

നെ അകാല മരണത്തിന്നധീനനാക്കിയും ബാലികക്കു ദുഃഖം ഇന്നതാണെന്നു കാണിച്ചുകൊടുത്തും പണവും നശിപ്പിച്ച് സർവ്വദാ ദുഃഖസാഗരത്തിൽ മുഴുകുന്നതിനു ഇടയായി തീരാതിരിക്കുന്നതിനു ദയവുള്ളവരും ആയിതീരുന്നതിന്നാകുന്നു.

ആരോഗ്യത്തിന് ഇനിയും ആവശ്യം ഗുരുത്വമുള്ള പദാർത്ഥങ്ങളെ ദിനചര്യ തെറ്റാതെ ശുചിയായി അനുഭവിക്കുകയാകുന്നു. ഗുരുത്വമുള്ള പദാർത്ഥങ്ങൾ എന്നു പറഞ്ഞതുകൊണ്ട് ജീവജന്തുക്കളായ ആട്, മാട്, കോഴി; താറാവു എന്നിങ്ങനെയുള്ളവയാണെന്നു ആരും കരുതിക്കളയരുതേ.! ഈശ്വരസൃഷ്ടിയിൽപെട്ട ജീവികൾക്കൊക്കെയും "ജീവൻ" ഒന്നുപോലെയാണ്. നിവൃത്തിയുള്ളടത്തോളം ജീവികളെ ഹനിക്കാതെ നൂറിനു തൊണ്ണൂറും, എൺപതും വീതം ഗുരുത്വാംശം അടങ്ങിയിരിക്കുന്ന തുവരപ്പരിപ്പ്, ഗോതമ്പ്, നെയ്; പാൽ ആദിയായ ഭക്ഷണപദാർത്ഥങ്ങളെ ധാരാളം സ്വീകരിക്കുകയാകുന്നു ചെയ്യേണ്ടത്. ശുചിത്വം അത്യന്താപേക്ഷിതമാകുന്നു. കായികാഭ്യാസം ആരോഗ്യത്തിന് അത്യന്താപേക്ഷിതമായിട്ടുള്ളതാണ്. ഇതുകൊണ്ട് കല്ലുറെഞ്ചലും കയറി രക്തം ഛർദ്ദിച്ച് അകാലമരണം പ്രാപിക്കണമെന്നോ, അഥവാ അംഗവൈകല്യത്തിനിടയാക്കി ശരീരത്തെ ജനിപ്പിച്ച മാതാപിതാക്കന്മാർക്ക് തുടർന്നുള്ള കഷ്ടപ്പാടിനുള്ള വഴിയാക്കിത്തീർക്കണമെന്നോ ആണെന്നു അർത്ഥമാകുന്നില്ല.

ഇത്യാദി അനേക സംഗതികൾ ആരോഗ്യത്തിനു അവശ്യം ആവശ്യമായിട്ടുള്ളവയാകുന്നു.

"രോഗ സംഭവ ഹേതുക്കളറിഞ്ഞിട്ടവയേതുമേ
വരാതെസൂക്ഷ്മമായ് ദേഹംപരിപാലിക്കബുദ്ധിമാൻ"
"ഉണ്ടായമാത്രയിൽത്തന്നെനശിപ്പിച്ചില്ലയെങ്കിലോ
ശത്രുവുംരോഗവുംപിന്നെക്കൊല്ലുംനല്ലംഗവാനെയും"

ദുർവിഷയങ്ങളിൽ പ്രവേശിച്ച് ജീവിതത്തെ നഷ്ടപ്രായമാക്കി തീർത്തിരിക്കുന്ന സഹോദരന്മാരോട് ഡാക്ടർ കെ. സി. ദാസൻ എന്ന മഹാന്റെയോ, ആര്യവൈദ്യശാലാസ്ഥാപകനായ പി. എസ്സ്. വാര്യരവർകളുടെയോ, ഭാരതവൈദ്യശാലാസ്ഥാപകനായ വേങ്ങൽ കെ.ജി. ഇട്ടി വൈദ്യനവർകളുടെയോ, ഫലപ്രദമായ മരുന്നുകളെ വാങ്ങി ഗുണദോഷാനുസരണം സേവിച്ച് ദീർഘായുസ്സും സുഖവും ഉള്ളവരായി തീർന്ന് അരോഗബീജത്തിൽ നിന്നും സന്താനങ്ങളെ ഉല്പാദിപ്പിക്കേണ്ടതാണെന്നു പ്രാർത്ഥിച്ചുകൊള്ളുന്നു. രോഗബാധിതരായ സ്ത്രീപുരുഷന്മാരുടെ സംഗമത്തിൽ നിന്നുളവാകുന്ന ശിശുക്കൾ അരോഗദൃഢഗാത്രരായി ഒരുകാലത്തും തീരുന്നതും അല്ല. ഇൻഡ്യക്കു ആവശ്യം രോഗബീജത്തിൽ നിന്നുമുണ്ടാകുന്ന പൈതങ്ങളും അല്ല. ശരീരമാകുന്ന കപ്പലിനെ രോഗമാകുന്ന കപ്പിത്താന്റെ അധീനതയിൽ ദുർഘടങ്ങളാകുന്ന പാറക്കൂട്ടങ്ങളാൽ നിറയപ്പെട്ടിരിക്കുന്നതും, ദുർവിചാരമാകുന്ന കൊടുങ്കാറ്റ് സദാ അടിച്ചുകൊണ്ടിരിക്കുന്നതും ആയ ജീവിതമദ്ധ്യധരണ്യാഴിയിൽ ക്രുടിവിടാതെയിരിക്കുന്നതിന് സകലയുവാക്കന്മാരേയും ഒന്നുകൂടി ഓർമ്മിപ്പിച്ചുകൊണ്ട് എന്റെ ഈ ഉപന്യാസത്തിന്റെ പൂർണ്ണവിരാമം ഇട്ടുകൊള്ളുന്നു.

ശുഭം

# ഒരു യഥാൎത്ഥവസ്തു.

പുലിയൂർ പി. എസ്സ്. പുരുഷോത്തമൻ പോററി.

തുംഗശ്രീ തിങ്ങിവിങ്ങിത്തുഹിനഗിരിസുതാ
പാംഗസൌഭാഗ്യലക്ഷ്മീ-
രംഗത്തിൽ രമ്യഭാവത്തിനു രസകരമായ്
നിത്യവും നൃത്തമാടി,
മംഗല്യത്തെ വളൎത്തി പ്രിയയിലനുപമപ്രേ
മമാൎന്നോമനിച്ചൽ-
സംഗത്തിൽ ചേൎത്തു സൎവ്വോപരി സമുപദി വിളങ്ങു
ന്നു വിശൈചക നാഥൻ.

സമ്യക് സംപൂൎണ്ണ സമ്പൽ സമധിഗതസമാ
രാദ്ധ്യ സാന്നിദ്ധ്യ ലക്ഷ്മീ
നമ്യപ്രൌഢപ്രഭാവപ്രഭവ പരിലസൽ
കാന്തികാന്തം നിതാന്തം
രമ്യസ്ഥായത്ത ദീയാലയ നിബിഡ രുചി
സ്സ്നിഗ്ദ്ധ നീലോപലശ്രീ
ഹൎമ്മ്യപ്രാസാദസൌധാവലികൾ ചുഴലവും
മുന്ന മുണ്ടായിരുന്നു.

പാരിൽ പാരം വിളങ്ങിപ്പരിചൊടു പുകഴും
പുഷ്പിത ശ്രീവിലാസം
പൂരിച്ചും സദചിശാഖാത്മജവിപുലലസ
ദ്വല്ലികാ പ്രൌഢിയോടും
ഭൂരിപ്രീത്യാ ഭജിക്കുന്നവരിലഖിലവും
ക്ഷേമ മൎപ്പിച്ചുജസ്രം
പാരിച്ചും പാരിജാതപ്രഥയൊടു വിലസീ
ടുന്നു വിശൈചകമാതാ.

ആപീനസ്നിഗ്ദ്ധ നൈസൎഗ്ഗികരുചിരചിത
സ്തംഭചിത്രം വിചിത്ര-
ശ്രീപീഠ പ്രൌഢ സോപാനവു മനവരതം
മണ്ഡിതം മണ്ഡപാദ്യം

ആപീതാനന്ദസന്ദായകമമൃതമായാംബു
ക്കളാൽ പൂർണ്ണമാകും
വാപീകൂപസ്രവന്ത്യാദിയുമധികമുണ്ടം
ചേർന്നു ശോഭിച്ചിടുന്നു.

ഏററം ശോഭിച്ചുകൊണ്ടെപ്പൊഴു മെഴുനിലയാം
ഗോപുരം മുന്നിലേലും
മാററം കൂടാതെ മാന്യസ്ഥിതിയിൽ വിലസിടും നാ
ട്യരംഗം മനോജ്ഞം
ഉററന്മാരാക മൂരാളകപടവിയെഴും ഭോ
ററിമാർ പോററി മുന്നം
കൂററത്തം ചേർത്തു പേർത്തും പ്രിയമൊടു പണിയി
ച്ചമ്പിലീ യമ്പലത്തെ.

പേരാർന്നേവം മഹത്വം പെരുകി വിലസുമീ
യമ്പലത്തിങ്കൽ നിന്നും
പാരാതങ്ങോട്ടിറങ്ങി പ്പരിചിനൊടു പരം
കന്നിമേൽ കോണു നോക്കി
ആരാലാ രാജമാർഗ്ഗസ്ഥലിയിലിതമയിൽ
കററി നേരേ നടന്നാ
ലാരാമശ്രീ കലർന്നിട്ടരികിലൊരു പെരും
കുന്നു മിന്നുന്ന കാണാം

പാരാതാ രാജമാർഗ്ഗസ്ഥലിയി ലിരുവശ
ത്തും നിരത്തിപ്പിടിപ്പി-
ച്ചാരാലാ രാജിതശ്രീ കലരുമവനിജ
വ്രാത മോരോ തരത്തിൽ
ആരാമംപോലെ പാന്ഥക്കിവവൃമനമോ
ദത്തെ നൽകീട്ടജസ്രം
സ്വൈരാവാസാതപാസൌഖ്യത്തിനു പര മുപയോ
ഗിച്ചു ശോഭിച്ചിടുന്നു (തുടരും)

# സന്മാർഗ്ഗപരിശീലനം.

(ചിറമേൽ ജി. ചക്രപാണി വാര്യർ)

---

നമ്മുടെ സകല ശ്രേയോഭിവൃദ്ധിക്കും കാരണഭൂതന്മാർ നാം തന്നെയാണ്. നമുക്കു സംഭവിക്കുന്നവയായ സകല ഗുണങ്ങളോ അല്ലെങ്കിൽ ദോഷങ്ങളോ പരസഹായത്താലോ പരപ്രേരണയാലോ യാദൃശ്ചികമായ വല്ല കാരണങ്ങളാലോ അല്ലെങ്കിൽ ഈശ്വരേച്ഛയാലോ സംഭവിക്കുന്നില്ല "താന്താന്നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ താന്താനനുഭവിച്ചീടുകെന്നേവരൂ" എന്ന ഭക്തശിരോമണിയായ എഴുത്തച്ഛനും "As he sows must reap" എന്ന മഹായോഗിയായ സെൻറുപോളും (St. Paual) പറഞ്ഞിരിക്കുന്നതാശയങ്ങളെ ഞാൻ ഇവിടെ ഉദ്ധരിക്കുന്നു എന്നേയുള്ളൂ. എല്ലാ ശാസ്ത്രങ്ങളും മഹാന്മാരും ഐകകണ്ഠ്യേന ഇപ്രകാരം അഭിപ്രായം പുറപ്പെടുവിക്കുന്നു എങ്കിലും മനുഷ്യർ സാധാരണമായും തങ്ങൾക്കു അധികവും ആപത്തു വന്നുകൂടുമ്പോൾ അന്യന്മാരേയോ വിധിയേയോ അല്ലെങ്കിൽ ഈശ്വരനേയോ കുററപ്പെടുത്തുകയാണ് കണ്ടുവരുന്നത്. ഈ മാസത്തിൽ വീട്ടിൽ ചിലവിനു നെല്ലില്ലാതെപോയതു ഒന്നാംതീയതി കയറിയ ആളിൻെറ മൂക്കു വളഞ്ഞിരുന്നതുകൊണ്ടായിരുന്നു എന്നും, എൻെറ മകൾ പെണ്ണിനെ പ്രസവിച്ചത് ആ മരുക്കിയുടെ കുററം ആയിരുന്നു എന്നും മററുമുള്ള പറച്ചിലും വിശ്വാസവും അബലമാർ എന്നു ഗണിച്ചുപോരുന്ന സ്ത്രീകളിൽ മാത്രമല്ല ഉൽകൃഷ്ടവിദ്യാഭ്യാസം ലഭിച്ചവരെന്നു ഭ്രമിക്കുന്ന വിദ്വാന്മാരിലും കണ്ടുവരുന്നതിനെപ്പററി ആശ്ചര്യം തോന്നിയേക്കാമെങ്കിലും ഇതിൻെറ കാരണത്തെ അന്വേഷിക്കുമ്പോൾ ആശ്ചര്യം ശമിക്കുന്നു എന്നു മാത്രമല്ല നമുക്ക് ഒരു അനുകമ്പകൂടി ഉണ്ടാകുകയും ചെയ്യുന്നു.

൧

ലോകം മുഴുവൻ "ഞാൻ" "ഞാൻ" എന്ന ഭാവത്തിൻെറ കളിയാണ്. "ഞാനെന്ന ഭാവമതു തോന്നായ്കവേണമതു തോന്നുന്നിതാകിലഖിലം ഞാനിതെന്നമതി തോന്നേണം" ഇതിൽ ഒടുവിലത്തെ ഞാൻ ഭാവത്തെയാണ് നാം ആഗ്രഹിക്കേണ്ടതും കൈവശപ്പെടുത്തുവാൻ ശ്രമിക്കേണ്ടതും. നേരെമറിച്ച് ആദ്യത്തെ ഞാൻ ഭാവത്തിലത്രേ നാം മിക്കവാറും വർത്തിക്കുന്നത്. ഒരുവൻ എത്ര അസമർത്ഥനും, മൂഢനും ആയിരുന്നാൽ തന്നെയും ഈ ഞാൻഭാവം അവനിലും ധാരാളം പ്രകാശിച്ചു കാണാം. ഈ ഭാവം മുന്നരംഗത്തു സ്ഥലം പിടിച്ചിരിക്കുന്നിടത്തോളം കാലം, ഉത്തരങ്ങളും വിശിഷ്ടങ്ങളുമായ സൽഭാവങ്ങൾക്കു അവിടെ പ്രവേശം ലഭിക്കുക പ്രയാസമാണ്. ആകയാൽ ഒരുവൻ ഈ അസൽഭാവത്തിൽ പെട്ടുപോയാൽ അവൻ നിശ്ചയമായും സർവ്വോപരി ശ്രേഷ്ഠനെന്ന മതിയെ ദൃഢീകരിക്കുകയത്രേ ചെയ്യുന്നത്. ഇപ്പോൾ അവനു വല്ല ആപത്തുകളും വരട്ടെ എന്നാൽ അത് തൻെറ ക

ററം അല്ലെങ്കിൽ നോട്ടക്കുറവുകൊണ്ടാണ് തനിക്കീവിധം സംഭവിക്കുന്നതെന്ന് അയാൾ പറയുമോ? ഒരിക്കലും ഇല്ല. അയൽക്കാരെയും സംബന്ധികളേയും കുററപ്പെടുത്തുന്നതിലും ശകാരിക്കുന്നതിലും അയാൾ ഒരുമടിയും ഉപേക്ഷയും കാണിക്കുകയില്ല. ഇതത്രേ മഹാമായയുടെ മഹാശക്തി. ഞാൻ തെററു ചെയ്തു കൊണ്ടു ഞാൻ ദുഃഖമനുഭവിക്കുന്നു എന്ന് പറയുവാൻ ധൈൎയ്യം ഇല്ല ഇതു ആ ഞാൻഭാവമാകുന്നത തിരസ്കരണി കൊണ്ടു നമ്മുടെ സൂക്ഷ്മദൃഷ്ടിയേ മറച്ചിരിക്കകൊണ്ടുമാത്രമാണ്. മാസ്മരവിദ്യ Hypnotism പ്രയോഗിക്കുന്നത് നാം കണ്ടിരിക്കുമല്ലോ കേവലം സ്ഥലത്തേ ജലാശയം എന്നുവിചാരിച്ച് അതിൽ കളിക്കുന്നതും, പട്ടിയാണെന്നു വിചാരിച്ച് മോങ്ങുവാൻ തുടങ്ങുന്നതും നിങ്ങൾ കണ്ടിട്ടുണ്ടായിരിക്കണം. ഇപ്രകാരം ഞാൻ കേമൻ, എന്റെ വഴിതന്നെ നല്ലത്, ഇനിക്കു തെററുക ഇല്ല എന്നുള്ള ഞാൻ ഭാവമാകുന്ന ഹിപ്നോട്ടിസത്തിൽ ജനങ്ങൾ പെട്ടു കുടുങ്ങിയിരിക്കും കാലത്തോളം അവൎക്ക് അവരുടെ ശരിയായ സ്ഥിതിയെപ്പററി സൂക്ഷ്മാവലോകനം ചെയ്യുവാനോ സന്മാൎഗ്ഗപന്ഥാവിലൂടെ നടന്നു മനസ്സിനെ ശുദ്ധിപ്പെടുത്തുവാനോ സാധിക്കുന്നില്ല. സന്മാൎഗ്ഗപരിശീലനത്തിനു ഇച്ഛിക്കുന്ന യാവരും പ്രഥമമായും പ്രധാനമായും ചെയ്യേണ്ടതു് ഒരു സകല നാശങ്ങൾക്കും കാരണമായ അഹംഭാവത്തെ ആസകലാൽ കീഴടക്കിയില്ലെങ്കിലും കുറെ ഒന്ന് അമൎത്തി വയ്ക്കുകയാണ്. നാം സൎവ്വജ്ഞന്മാരെന്നും എല്ലാം തികഞ്ഞവർ എന്നും വെറുതേ അഭിമാനിച്ചാൽ നമുക്ക് എന്തുമാത്രം കഷ്ടവും നഷ്ടവുമാണ് വരാവുന്നതെന്നുള്ളതിനേ ഓൎത്തു നാം ഏററവും താണപടിയിൽ ഇരുന്നുംകൊണ്ട് എല്ലാവരിൽ നിന്നും പലേകാൎയ്യങ്ങളും സംഗ്രഹിച്ച് പഠിക്കുവാൻ തയാറായിരിക്കുകയത്രെ വേണ്ടതു്. ഇത്രയും ഓൎമ്മയിൽ വച്ചും കൊണ്ടു നമുക്കു സന്മാൎഗ്ഗത്തേപ്പററി ആലോചിക്കാം. നമ്മുടെ പൂൎവ്വന്മാരായിരുന്ന മഹാന്മാർ അനുവൎത്തിച്ചു പോന്നതും വാസ്തവമായ സുഖത്തിലേക്കു നയിക്കുന്നതും ആയ പന്ഥാവിനേ അത്രേ സന്മാൎഗ്ഗമെന്ന് ഇവിടെ നിൎവ്വചനം ചെയ്യുന്നത്.

നാം എന്തു കൃത്യം ചെയ്യുമ്പൊഴും നമ്മുടെ ഉള്ളിൽ ഒരു വസ്തു ആ കൃത്യത്തെ സമ്മതിക്കയോ നിഷേധിക്കയോ ചെയ്യുന്നുണ്ടല്ലൊ. ഇതാണ് അന്തഃകരണം. ഈ അന്തഃകരണത്തേ ശരിയായി അനുഷ്ഠിച്ച് പോന്നാൽമാത്രം മതിയാകും. എന്നാൽ ഈ അന്തഃ കരണത്തിന്റെ ഒച്ചയെ കേൾക്കാതെ ഇരുന്നാൽ അതും ക്രമേണ നമ്മുടെ കൃത്യങ്ങളിൽ ദൃഷ്ടി വെയ്ക്കാതെ ആയിത്തീൎന്നു അതിന്റെ ശക്തി കേവലം മലിനമായിപ്പോകുകയോ നശിച്ചുപോവുകയോ ചെയ്യുന്നതാണ്. പ്രത്യുത അതിനെ നമ്മുടെ മാൎഗ്ഗദൎശിയായി സ്വീകരിച്ച് അത് ഉപദേശിക്കുംപോലെ നമ്മുടെ കൃത്യങ്ങളെ ക്രമീകരിച്ച് ശരിപ്പെടുത്തുന്നു എങ്കിൽ ആ അന്തഃകരണത്തിനു ഒരിക്കലും യാതൊരു മാലിന്യവും വരാതെ അതിദീപ്തമായി ശോഭിക്കും എന്നു മാത്രമല്ല നമ്മുടെ ജീവിതം സൎവ്വത്ര വിജയപ്രദമായി പരിണമിക്കുകയും ചെയ്യുന്നതാണ്.

(തുടരും)

# ഭ്രാന്തുചികിത്സ.

(തുടർച്ച)

നിരണത്തു കെ. ആർ നാണുആശാൻ

---

ആറൊണ്ടുന്മാദമെന്നെൻ കമനി! ചിലരുര
യ്ക്കുന്നു ഖണ്ഡിച്ചു ശാസ്ത്രം—
വേറേകാണുന്നതോതാമഭിധ „കിരിക„യെ
ന്നാണു മൂവാറുതന്നെ
തീറോതാം സംഖ്യനാമപ്പിരിവുലവമണ
ഞ്ഞാങ്കല്പം കാര്യമൊന്നായ്-
തേറിടാമെന്നുകൊണ്ടിന്നിവിടെയുടനെടു
ക്കുന്നു ഞാൻ പിൻപിലത്തേ

എന്നാലാദ്യം കഥിക്കാം „മധമകിരിക„യെ
ന്നാണു പേരായതുണ്ടാ-
യ്വന്നാൽ ഹാസം, സദാ തുപ്പുക, തൊഴുക, കരി
ക്കട്ടെ മണ്ണെന്നിവറേ
തിന്നീടും പട്ടുമന്താവലിഞ്ഞറുമുക തൻ
മൈവിയർപ്പാസ്യമെല്ലാം-
വന്നീടും വിക്രമീയുള്ളതിനുടെ പരിഹാ
രത്തെയും തെല്ലു ചൊല്ലാം.

വണ്ടേലുംമിഴി! കാട്ടുപീച്ചുലത മ
ർദ്ദിച്ചിട്ടു നാഴൂരി നീർ-
കൊണ്ടുന്നിട്ടു പുളിച്ചമോരതിലുടൻ
മുഴക്കെ ചേർത്തീടണം
രണ്ടന്തിന്നൊരു രാത്രി ചെല്ലുകിലുഷഃ
കാലത്തു സൂര്യോദയം-
കണ്ടീടും പൊഴുതിൽ കൊടുക്കവെമിയും
പോക്കും തുടങ്ങും പരം.

പാരം ക്ഷീണിച്ചു പോയീടുകിലുടനെ വെറും
പച്ചവെള്ളം കുടത്തിൽ-
കോരിക്കൊണ്ടന്നു മന്ദേതരമൊരുമണിനേ
രത്തൊളം ധാര ചെയ്തു
തീരം തീരാതെ കണ്ടാൽ പൊടിയരിയുട നൽ
കഞ്ഞിയിൽ മോരുമുപ്പിൻ-
നീരും ചേർത്തിട്ടുനൽകീടുകിലുടനെ നില
യ്ക്കാതിരിക്കാ മന്നാദമത്തെ! (തുടരും)

# പത്രാധിപക്കുറിപ്പുകൾ.

---

## ചില മഹദ്വചനങ്ങൾ

നമ്മെ ദുഃഖിപ്പിക്കുന്നതിനും, ആശ്വസിപ്പിക്കുന്നതിനും നിസ്സാരസംഗതി മതിയാകും.

വാസ്കൽ.

...... ...... ......

അധികം ഉറങ്ങുകയും ഭക്ഷിക്കയും ചെയ്യുന്നവർ മഹൽകാര്യങ്ങളെ നിവൃത്തിപ്പാൻ പ്രാപ്തരാകുന്നില്ല.

ഹെൻററി ചത്ഥൻ.

...... ...... ......

പറയുന്നതിനു മുൻപ് വിചാരിക്കയും, പ്രവൃത്തിക്കുന്നതിനു മുൻപ് ആലോചിക്കയും, വിധിക്കുന്നതിനു മുൻപു കാര്യം ഗ്രഹിക്കയും, ചെയ്യണം.

...... ...... ......

വരവിനെ അതിക്രമിച്ചു ചിലവു ചെയ്യുന്നവനും വരവിനെ അനുസരിച്ചു ചിലവു ചെയ്യാത്തവനും ഒരു കാലത്തും ഗൃഹസ്ഥനാകയില്ല.

സി. സരോ.

...... ...... ......

താൻ നശിച്ചുപോകുമെന്നു വിചാരിച്ചു ദുഷ്ടൻ ആർക്കും ഒന്നും കൊടുക്കുന്നില്ല, താൻ നശിച്ചുപോകുമെന്നു കരുതി ശിഷ്ടർ യഥാശക്തി എന്തും കൊടുക്കുന്നു.

...... ...... ......

മലയാളബ്രാഹ്മണസമുദായത്തെ കഠിനമായി ആക്ഷേപിച്ച് മിസ്റ്റർ കുഞ്ഞൻപിള്ള ചട്ടമ്പി എഴുതീട്ടുള്ള പ്രാചീനമലയാളത്തെ ഖണ്ഡിച്ച് ഒരു മഹാൻ ഒരു പുസ്തകം എഴുതുന്നുണ്ടെന്നും താമസിയാതെ അച്ചടിപ്പിക്കുന്നതാണെന്നും ഞങ്ങൾ സൂക്ഷ്മമായി അറിയുന്നു.

...... ...... ......

ഒരു പിഞ്ഞാണിൽ മഗ്നീഷ്യാ പൊടിയിട്ട് അതു മൂടുവാൻ മാത്രം സൾഫ്യൂറിക് ആസിഡ് അതിന്മേൽ ഇട്ടാൽ വിശേഷമായ തീപ്പൊരികൾ കാണുമത്രെ.

...... ...... ......

പൊഴിഞ്ഞുപോകുന്ന തലമുടി ശേഖരിച്ചു വെളിയിൽ പുതച്ചുവച്ചാൽ ക്രമേണ മുടികൊഴിച്ചിൽ നിൽക്കുമെന്നു കാണുന്നു.

...... ...... ......

കുട്ടികൾ ഈർപ്പമുള്ള നിലത്തിരുന്നു കളിക്കുന്ന ഒരു നിസ്സാര സംഗതി നിമിത്തം, ചിലപ്പോൾ വീക്കം, വാതപ്പനി (റൂമാതിസം) എന്ന രോഗോപദ്രവം നേരിടുന്നതിന് ഇട വരുന്നു.

# ദേവകികുട്ടി.

## ഒരു നോവൽ

### ഒന്നാം അദ്ധ്യായം.

പാൎവ്വത്യകാർ. ഇന്ന് അമാവാസിയല്ലേ? 'പകലേ ഊണു കഴിച്ചിട്ടു വേണമെങ്കിൽ നിങ്ങളുടെ വീട്ടിലേക്കു പോകാം.

ആശാൻ. ഞാൻ കച്ചേരിക്കു പോയി വരികയാണ്, വല്ലതും വിശേഷം പറയുന്നതിനുണ്ടെങ്കിൽ ഇന്നു രാത്രി തന്നെ ചാവടിയിൽ വരാം!

പാ. അതു പോരാ. ഇന്നു നമ്മുടെ യുവരാജാവുതിരുമനസ്സിലെ ആട്ടത്തിരുനാളാകയാൽ ഇന്നത്തെ പകലേ ഊണിനു കുഞ്ഞുലക്ഷ്മി ചില വിശേഷങ്ങൾ വരുത്തീട്ടുണ്ടെന്നാണു തോന്നുന്നത്. അതു മാത്രമല്ല നിങ്ങളോടു എനിക്കു് ഒരു പ്രത്യേക കാൎയ്യം പറയേണ്ടതായുള്ളതിന് ഇനിയും അവധി വയ്ക്കാൻ നിവൃത്തിയില്ല.

ആ. അങ്ങിനെയാണെങ്കിൽ ഞാൻകൂടി അങ്ങത്തെ ചാവടിയിൽ ഇന്നു താമസിക്കാമല്ലോ.

പാ. എന്നാൽ കുളിക്കൂ.

എന്നു പറഞ്ഞു പാൎവ്വത്യകാരരും നാരായണപിള്ളയും അമ്പലക്കുളത്തിൽ കുളിയും കഴിഞ്ഞു രണ്ടാളും കൂടി പാൎവ്വത്യകാരുടെ വീട്ടിലേക്കു പോകുമ്പോൾ യാദൃച്ഛികമായി വാദ്ധ്യാർ കൃഷ്ണപിള്ളയും വന്നുചേൎന്നു. അപ്പോൾ പാൎവ്വത്യകാൎക്കു് താൻ ഉദ്ദേശിച്ച കാൎയ്യത്തിൽ പാലിൽ പഞ്ചസാര ചേൎത്തതു പോലെയാണ് തോന്നിയതു്. അതിനാൽ കൃഷ്ണപിള്ളയെക്കൂടി പകലേ ഊണിനു ക്ഷണിച്ചു. ഈ അപൂൎവ്വക്ഷണത്തിന്റെ കാരണം എന്താണെന്നു കൃഷ്ണപിള്ളക്കു അല്പം സംശയം ഇല്ലാതിരുന്നില്ല. കൃഷ്ണപിള്ളക്കു ഇങ്ങനെ തോന്നുവാനുള്ള സംശയം പാൎവ്വത്യകാൎക്കും ഉണ്ടായിരുന്നതുകൊണ്ടു വീട്ടിൽ എത്തുന്നതു വരെ ക്ഷമിക്കുന്നതിനു കഴിയാതെ പാൎവ്വത്യകാർ സംഗതി വേഗത്തിൽ വെളിക്കാക്കി.

പാ. നിങ്ങൾ രണ്ടുപേരും എൻെറ പ്രാണസ്നേഹിതന്മാരാണെന്നുള്ള വിശ്വാസമാണു ഇപ്പോൾ നിങ്ങളെ ക്ഷണിക്കുന്നതിന് എന്നെ പ്രേരിപ്പിച്ചതു്, വിശേഷാൽ കാൎയ്യസാദ്ധ്യമൊന്നുമില്ല. എംകിലും നമ്മുടെ ദേവകിക്കുട്ടിയുടെ കാൎയ്യത്തിൽ ഇനിക്ക് ഈയിട നേരിട്ടിരിക്കുന്നസംകടം നിങ്ങളോടൊന്നുപറയണമെന്നുള്ള ആഗ്രഹം ഉണ്ടു്. അതാണ് ഈ ക്ഷണത്തിൻെറ "പ്രത്യേക കാൎയ്യം.

കൃ. എന്താണ് ദേവകിക്കുട്ടിയ്ക്കു ഈയിട വല്ല സുഖക്കേടുമുണ്ടോ?

പാ. അവൾക്ക് സുഖക്കേടൊന്നുമില്ല! അവൾ നിമിത്തം ഞാനും അവളുടെ തള്ളയും ആണ് സുഖക്കേടിലായതു്.

ആ. അതെന്തു കാരണം കേൾക്കേണ്ടതാണല്ലൊ.

പാ. കാരണം ഞാൻ തന്നെ ഉണ്ടാക്കിയതാണ്. ചുരുക്കം പറഞ്ഞാൽ അക്ഷരാഭ്യാസംചെയ്യിച്ചു അപത്തുണ്ടാക്കി എന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ.

കൃ. ഇതെന്താണ് ആ പെണ്ണു് ഒരു യൌവനയുക്തയാണ് വല്ല വൈഷമ്യവും സംഭവിച്ചിരിക്കുമോ എന്നു വിചാരിച്ചു എംകിലും അവളുടെ സ്വഭാവം കുഞ്ഞുപിള്ളയ്ക്കു നല്ല പരിചയമുള്ളതായിരുന്നതിനാൽ ഒരിക്കലും സംബന്ധമല്ലാതെ അപത്തു വരുത്തുന്നതിനു ദേവകിക്കുട്ടി പാത്രീഭവിക്കയില്ലെന്നാണ് മറുപടി പറഞ്ഞതു്.

പാ. അങ്ങിനെയല്ല. നിങ്ങൾക്കു മനസ്സിലാകായ്കയാണ് ഇങ്ങനെ പറയുന്നതു്. എൻെറ മകളാണ്, ഒന്നേയുള്ളു, വേറെ എനിയ്ക്കു മക്കളും ഇല്ല എന്നു വിചാരിച്ച് വളരെ വാത്സല്യത്തിലാണ് അവളെ വളൎത്തിയതെന്ന് ഞാൻ വിശേഷിച്ചു പറയണമെന്നുണ്ടോ? എന്നാൽ ഇപ്പോൾ ഇതിലതികം വഷളാകാനില്ല.

കൃ. ഏതു വിഷയത്തിലാണ് അവൾക്കു വഷളത്വമെന്നുള്ളതു പറയാമോ?.

പാ. പറയാം! പക്ഷേ; നിങ്ങൾ രണ്ടാളും കൂടി ആ കാൎയ്യത്തിന്നു ഒരു നിവൃത്തിയുണ്ടാക്കണം. ഇല്ലെങ്കിൽ എനിക്ക് വളരെ നഷ്ടങ്ങളും സങ്കടങ്ങളും നേരിടുന്നതാണ്. എന്തെന്നാൽ ഈ പെണ്ണ് മററുള്ള നാട്ടുസ്ത്രീകളെപ്പോലെ വല്ലവിധത്തിലും വളൎന്നു കൊള്ളട്ടെന്നൊ; വല്യ പരിഷ്കാരമുള്ളവളായിത്തീരട്ടെന്നൊ;വിചാരിക്കാതെ അഞ്ചുവയസ്സുമുതൽ പന്ത്രണ്ടു വയസ്സുവരെ ഇവളെ പള്ളിക്കൂടത്തിൽ വിട്ടു വിദ്യാഭ്യാസം ചെയ്യിച്ചു, മലയാളം നല്ലവണ്ണം എഴുതുന്നതിലും വായിക്കുന്നതിലും പരിചയിക്കയും ചെയ്തു. ഇതു കൂടാതെ ഇതിനിടയിൽ സംഗീതവും, ചിത്രമെഴുത്തും ഒരു വിധം അഭ്യസിച്ചു. ഇനിയും പള്ളിക്കൂടത്തിൽ വിടുന്നതു അത്ര നന്നല്ല എന്നു എനിക്കും അവളുടെ അമ്മയ്ക്കും അഭിപ്രായം ഉണ്ടായതിനാൽ പിന്നീടു വീട്ടിലിരുത്തി വാൎയ്യത്തെ ചക്രപാണി ആശാനെക്കൊണ്ടു് കുറെ സംസ്കൃതവും പഠിപ്പിച്ചു. ഇതൊന്നും പോരാഞ്ഞിട്ടു ഭാഗവതം മുതലായ ചില പുസ്തകങ്ങളെല്ലാം വായിപ്പിച്ചു. അവളെക്കൊണ്ടു തന്നെ അൎത്ഥം പറയിക്കുന്നതിനും പരിചയിപ്പിച്ചു. ഇതു കൂടാതെ പാചകചിന്താമണിയിൽ പറയുന്നവിധമുള്ള പാചകങ്ങൾ എല്ലാം അവൾ ശീലിച്ചു. വൈദ്യശാസ്ത്രത്തിൽ നിന്നു വേണ്ടതായ ആരോഗ്യ രക്ഷാവിധികളും പരിചയിച്ചു. വിശേഷാൽ ഗൎഭരക്ഷ, ശിശുപരിപാലനം മുതലായവയും ശാസ്ത്രരീത്യാതന്നെ അഭ്യസിച്ചു. പള്ളിക്കൂടത്തിലെ പഠിത്വം നിൎത്തിയപ്പഴെ

ഞാൻ പറഞ്ഞു; മതി! കുഞ്ഞിനെ ഇനി ബുദ്ധിമുട്ടിക്കണ്ടാ! അവൾ സ്വസ്ഥമായി ഇരുന്നുകൊള്ളട്ടേ എന്ന്. അതു് അവളുടെ തള്ളയ്ക്കു് തീരെ സമ്മതമില്ലാതെ എന്നെ നിബ്ബന്ധിച്ചതിനാണ് പാട്ടിന്റെ ആശാനെ വരുത്തിയതു.

ക്രൂ. അതങ്ങിനെയാണല്ലോ? അവൾക്കു കുറെ സംസ്കൃതവ്യുല്പത്തിയും, പുരാണപരിചയവും ഉള്ളകൂട്ടത്തിലാണ്, അതുകൊണ്ടാണ് അവര് അത്ര നിബ്ബന്ധിച്ചതു്.

പാ. കേൾക്കണം, ഇതെല്ലാം കഴിഞ്ഞശേഷം നാല്പവൻകൊണ്ടു തോടയും, നാല്പവന്റെ വളയും അവൾക്ക് ചെറുപ്പത്തിലെ തന്നെ ഞാൻ കൊടുത്തിരുന്നതു കൂടാതെ പത്തുപവന്റെ ഒരു പുത്താലിക്കൂട്ടവും, പന്ത്രണ്ടുപവന്റെ ഒരു നാഗപടവും ഈയാണ്ടാണ് പണികഴിപ്പിച്ചു കൊടുത്തതു്.

ക്രൂ. പ്രവൃത്തിയാര് പ്രകൃത്യാതന്നെ ലുബ്ധനാണെങ്കിലും മകൾക്കു കൊടുക്കുന്നതിൽ സന്തോഷമാണല്ലോ? എന്നു വിചാരിക്കയും; ഇതത്ര അതിശയമല്ലല്ലോ എന്നു പറകയുംചെയ്തു.

പാ. അതിരിക്കട്ടേ; ഇതിനിടയിൽ കൊട്ടാരത്തിലെ കൊച്ചുതമ്പുരാൻ തിരുമനസ്സുകൊണ്ടും, നമ്മുടെ മുൻസിഫ് എജമാനന്റെ മകൻ അസിസ്റ്റൻറുസൂപ്രണ്ടദ്ദേഹവും, കിഴക്കേമനയ്ക്കൽ വല്യതിരുമനസ്സിന്നും എന്നിങ്ങനെ പല മഹാന്മാരും സംബന്ധം ആലോചിക്കയും ഉണ്ടായി. ഇതേവരെ അവൾക്കു ഒന്നും രസമായിട്ടില്ല. ആ കാര്യത്തിൽ എങ്ങും ഒരുവിചാരമുള്ളലക്ഷണവുമില്ല. ഈ കഴിഞ്ഞ കന്നിമാസത്തിൽ വയസ്സ് ഇരുപതു് കഴിഞ്ഞിരിക്കുന്നു. ഇവൾ പ്രസവിച്ചു് ഒരു കുഞ്ഞിനെ കണ്ടാൽകൊള്ളാമെന്നു്, എനിക്കെന്നല്ല ഈ നാട്ടുകാർക്കൊക്കെപ്പാടെ ആഗ്രഹമുണ്ടെന്നാണ് എന്റെ വിചാരം. എന്തുചെയ്യാം! ഈശ്വരവിധി ഇങ്ങനെ ആയിരിക്കാം!.

ക്രൂ. ഇതാണോ? വേദന അനുഭവിക്കുന്നതെന്നു പറഞ്ഞതു്.

പാ. അതാണോ? അതെങ്ങിനെയും വരട്ടെ അവൾ ഇപ്പോൾ വല്ലാത്ത സ്വഭാവത്തിലുമായി—അതാണ് അധികം വേദന.

ക്രൂ. അതു കൂടി കേട്ടാൽ എന്റെ മനസ്സ് ഒന്നടങ്ങുമായിരുന്നു! പലതും സംശയിച്ചു പോകുന്നു!

പാ. മറെറാന്നുമല്ല. കുളി, നാമജപം, വ്രതാനുഷ്ഠാനം, ഭാഗവതാദി പാരായണം, ദേവബ്രാഹ്മണഭക്തി ഈ വക കാര്യങ്ങളിൽ നമ്മിലൊക്കെ കൂടുതൽ പ്രതിപത്തിയുണ്ടായിരുന്നവൾ, ഇപ്പോൾ അവയെല്ലാം തീരെ ഉപേക്ഷിച്ചെന്നു മാത്രമല്ലാ കഴിയുന്നതും ആ വക കൃത്യങ്ങൾ ആചരിക്കുന്നവരെ തടസ്ഥപ്പെടുത്തുകയും ചിലപ്പോൾ ആക്ഷേപിക്കയും കൂടി ചെയ്യുന്നതിനു മടിക്കുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ അവടെ തള്ളയെക്കൂടി ഈ വിധത്തിൽ വഷളാക്കാൻ ശ്രമിക്കുന്നു.

അ. ഇതുമാത്രമേ ഉള്ളോ വേദന?.

പാ. ഇതു് സാരമില്ലാത്തതാണോ?.

ര. സാരമുള്ളതു തന്നെ; എങ്കിലും ഇതിന് ഇനി ഞാൻ സമാധാനമുണ്ടാക്കാമല്ലോ.

ക്രൂ. അതൊന്നുമെനിക്കു തോന്നുന്നില്ല.

പാ. ഒരു ദിവസം ദേവകിക്കുട്ടി കുളിപ്പാൻ പോയിരുന്ന സമയം; ഈ മാററങ്ങൾക്കു [illegible] കാരണം എന്താണെന്നു ഞാനെന്നുടെ ഭാര്യയോടു ചോദിച്ചു. അപ്പോൾ അവൾ എന്നെ വിളിച്ചു ദേവകിക്കുട്ടിയുടെ മുറിയിൽ കൊണ്ടുപോയി ഞാൻ നോക്കിയപ്പോൾ ആയിരത്തിലധികം പുസ്തകങ്ങളും, പത്തയ്യായിരം പത്രങ്ങളും ആ മുറിയിൽ കൂട്ടിയടുക്കി വെച്ചിരിക്കുന്നു. ഇതെല്ലാം ഇവൾക്കു എങ്ങിനെ കിട്ടി എന്നു ഞാൻ ഭാര്യയോടു ചോദിച്ചപ്പോൾ എല്ലാം പണം കൊടുത്തു വാങ്ങിച്ചതാണെന്നു പറഞ്ഞു. അതു കേട്ടു ഞാൻ അന്ധാളിച്ചു, ഈ പണമെല്ലാം എവിടുന്നു് ആര് കൊടുത്തു എന്നൊക്കെ ഞാൻ ഭാര്യയോടു ശണ്ഠ പിടിച്ചപ്പോൾ ദേവകിക്കുട്ടിയുടെ ആഭരണങ്ങളെ വിററാണ് പണം ഉണ്ടാക്കിയതെന്നു പറഞ്ഞു. അതു കൂടി കേട്ടപ്പോൾ എനിക്കുണ്ടായ കോപവും വ്യസനവും ഇത്രമാത്രമായിരുന്നു എന്നു പറവാൻ പാടില്ല. ഇതു സംബന്ധമായി ഭാര്യയോടു കലശലായ ശണ്ഠ തുടങ്ങിയപ്പോൾ ആഭരണങ്ങൾ എല്ലാം അവൾ എന്നെയെടുത്തു കാണിച്ചു പരമാർത്ഥം പറഞ്ഞു. എങ്ങിനെ എന്നാൽ; ബാപ്പു അണ്ണാവിയോടു കൂടി അവരൊരു ചെറിയ ചിട്ടി ചേർന്നിരുന്നതിൽ ഒററനൂററിയഞ്ചു രൂപാ കിട്ടിയതു മുഴുവൻ ദേവകിക്കുട്ടി എടുത്തുകൊണ്ടു് അതിനു പകരം അവളുടെ ആഭരണങ്ങളെല്ലാം തള്ളക്കു് കൊടുത്തിരിക്കയാണെന്നും, പണം ഉണ്ടാകുന്ന കാലത്തു് തിരിച്ചു എടുത്തുകൊള്ളാമെന്നും, ഇപ്പോൾ അവൾക്കു ആവശ്യപ്പെട്ട ആഭരണങ്ങൾ പുസ്തകങ്ങളാണെന്നും അവൾ പറഞ്ഞുപോലും! ഇത്രമേൽ ഇവൾ ദുർവൃത്തികൾ കാണിച്ചിട്ടും ഇതേവരെ ഞാൻ ഒരക്ഷരം പോലും അവളോടു ചോദിച്ചിട്ടില്ല. എന്തെന്നാൽ അവളുടെ ഇഷ്ടത്തിനു വിരോധമായി ഞാൻ വല്ലതും പറഞ്ഞാൽ അവൾക്കു അതു് വ്യസനമായി വരും അതു കാണുന്നതു് എനിക്കും വ്യസനമാണ് അല്ലാതെ വല്ലതും പറയാൻ ആരംഭിച്ചാൽ അവൾ ഒന്നു ചിരിക്കും!. എന്റെ കുഞ്ഞുപിള്ളയാണെ കള്ളമല്ലാ!. അപ്പഴേ എന്റെ കോപവും ദേഷ്യവും എല്ലാം പോകും!. ഇതാ! ഇപ്പൊഴും ആ പുഞ്ചിരിയും മുഖവും എന്റെ ഹൃദയത്തിൽ കാണുന്നു. അതിനാൽ നിങ്ങൾ രണ്ടുപേരും കൂടി ആ പെണ്ണിനോടു വല്ല ഗുണദോഷങ്ങളും പറഞ്ഞ് ഈ വേണ്ടാതീനമൊക്കെ മാററിത്തന്നാൽ വളരെ ഉപകാരമായിരുന്നു എന്നു മാത്രമേ ഞാൻ ഇപ്പോൾ പറയുന്നൊള്ളൂ.

കു. ഞാൻ ഈ കാര്യത്തിൽ പ്രവേശിക്കുന്നില്ലാ. ദേവകിക്കുട്ടിയെ ഞാൻ നല്ലവണ്ണം അറിയും! അതുമല്ലാ, തമ്പിയാണ് അവളുടെ അത്യന്ത ഇഷ്ടൻ; അദ്ദേഹത്തിൽ നിന്നും അനേക ഗുണങ്ങൾ അവൾ സമ്പാദിച്ചിട്ടുണ്ടു്.

പാ. അതേ ആ അബദ്ധനാണല്ലോ എന്റെ പെണ്ണിനെ വഷളാക്കിയതു. അവനോടുള്ള സംസർഗ്ഗം മതിയാക്കണം. അവൻ കണ്ട കൃസ്ത്യാനികളുടേയും തുലുക്കരുടേയും മററും പുസ്തകങ്ങളൊക്കെ പെണ്ണിനെ പഠിപ്പിച്ചല്ലേ നാശംപിടിപ്പിച്ചതു്!. ഏതായാലും നിങ്ങൾ ഇതു പരസ്യമാക്കരുതേ രാമമംഗലത്തു് മനക്കലെ വല്ല്യതിരുമനസ്സുകൊണ്ടും, കുഞ്ഞുകൃഷ്ണപ്പണിക്കരുടെ ഭാര്യ മരിക്കയാൽ അദ്ദേഹവും ഇപ്പോൾ ദേവകിക്കുട്ടിക്കു സംബന്ധം ചെയ്യണമെന്നു വളരെ ആഗ്രഹിച്ചിരിക്കയാണ്. ഈ വിഡ്ഢിത്തം വല്ലതും വെളിക്കുവന്നാൽ അവർ പിന്നെ അടുക്കുമോ?

ഇത്രയും പറഞ്ഞപ്പോഴേക്കു് ചാവടിയിൽ എത്തി, ഊണിനുള്ള ആരംഭമായി, പതിവില്ലാതെ രണ്ടുപേരെക്കൂടി ഇന്നു് ഊണിനു ക്ഷണിച്ചതു് എന്താണെന്നു് പാർവ്വത്യകാരുടെ ഭാര്യയായ കുഞ്ഞുലക്ഷ്മിയമ്മ

സ്സുണ്ടായ സംശയം അപ്പോൾ തുറന്നുചോദിക്കുന്നതു് മദ്ധ്യമമെന്നു തോന്നുകയാൽ ഇവരുടെ സംഭാഷണത്തിൽ നിന്നും ഗ്രഹിക്കാമെന്നു വിചാരിച്ച് ഭക്ഷണസ്ഥലത്തിനു അടുത്തുവന്നു ഒരു തൂണിൽചാരി വലത്തുകൈ താടിക്കും ഇടത്തുകൈ മാറത്തുംവച്ചു നിൽക്കുന്നതുകണ്ടാൽ; ഭക്ഷണം കൊടുക്കുന്ന വിഷയത്തിൽ കുഞ്ഞുലക്ഷ്മിയമ്മയ്ക്കു സ്വാഭാവികമായുള്ള സന്തോഷംനിമിത്തം അതിലേക്കു ശ്രദ്ധയോടുകൂടി നിൽക്കുകയാണെന്നു തോന്നും. അട്ടത്തിരുനാൾ പ്രമാണിച്ചു പാലട മുതലായ വിഭവങ്ങൾ ഭക്ഷണത്തിനുണ്ടായിരുന്നതിനാൽ അതിഥികൾ ഉണ്ടായിരുന്നതു് കുഞ്ഞുലക്ഷ്മിയമ്മയ്ക്കു് ഏററവും സന്തോഷവുമായിരുന്നു. ആശാനേയും കൃഷ്ണപിള്ളയേയും കൂടി ക്ഷണിച്ചുകാണും കുഞ്ഞുലക്ഷ്മിയമ്മയെ മനസ്സിലാക്കണമെന്നു പാർവ്വത്യകാർക്കും ആഗ്രഹമുണ്ടെങ്കിലും ഭക്ഷണം കഴിഞ്ഞിട്ടാവാം എന്നുകരുതി വേഗത്തിൽ ഊണുതുടങ്ങി. ഈ സമയത്തു ദേവകിക്കുട്ടിയെ സന്ദർശിപ്പാനായി രാമമംഗലത്തു മനയ്ക്കലെ ദിവാകരൻ നമ്പൂതിരിപ്പാടും മനയ്ക്കൽ നിന്നും പുറപ്പെട്ടു. കുറച്ചു വഴിനടന്നപ്പോൾ ദൈവഗത്യാ വൈദ്യൻ കുഞ്ഞുകൃഷ്ണപ്പണിക്കരും വന്നുചേർന്നു. നമ്പൂതിരിപ്പാടിനെ കണ്ടയുടനെ കുഞ്ഞുകൃഷ്ണപ്പണിക്കർ തൊഴുതു പഞ്ചപുച്ഛമടക്കി നിന്നു.

ന. അല്ല: പണിക്കരോ? എങ്ങട്ടേക്കാണ്? പുറപ്പാട്

പ. അടിയൻ പുതിയവീട്ടിൽ പാർവ്വത്യകാററങ്ങത്തെ ഒന്നു കാണുന്നതിനു വിടകൊള്ളുകയാണ്

ന. ഹ-ഹ-ഹ. നാമും അങ്ങട്ടേയ്ക്കാണ്? എന്താണ് അവിടെ പണിക്കർക്ക് വല്ലതും വഹയിണ്ടോ?

പ. (അല്പം സംശയിച്ചിട്ടു)വിശേഷവിധിയായൊന്നുമില്ല.

ന. ഇന്ന് അമാവാസിയല്ലെ?

പ. യുവരാജാവു തിരുമനസ്സിലെ അട്ടത്തിരുനാളുമാണ്.

ന. ശിക്ഷയായി ദേവകിയിടെ പാട്ടും വായനയും ഒക്കെയിണ്ടാവും! ബഹുരസങ്ങളൊക്കെയിണ്ടാവും! എങ്ങിനെയാണ്? പണിക്കർക്ക് ഈ വയിൽ ഭ്രമമില്ലേ?, നമ്പൂരിപ്പാട്ടിലെ വാക്കുകൾ കൊണ്ട് പണിക്കർക്ക് അല്പ സംശയമുണ്ടായി എങ്കിലും അതു് പ്രകാശിപ്പിക്കാതെ ഒരു ശ്ലോകമാണ് പുറത്തേക്കു വിട്ടത്. "സംഗീതസാഹിത്യരസാനഭിജ്ഞഃ സാക്ഷാൽ പശുഃ പുച്ഛവിഷാണഹീനഃ തൃണം നഖാദന്നപി ജീവമാനസ്തൽ ഭാഗധേയം ഹി പരം പശൂനാം" എന്ന് വിടകൊണ്ടിരിക്കുന്നതു് യഥാർത്ഥമാണ്.

ന. പണിക്കർക്ക് സാഹിത്യം നന്നെയുണ്ട്, നമുക്കു സാഹിത്യത്തിലും സംഗീതത്തിലും ഒരുവിധം അങ്ങിനെ. [illegible], എന്നാൽ ദേവകി രണ്ടിലും സമർത്ഥയാണ് "സംഗീതമപിസാഹിത്യം [illegible]" [illegible] നിയ്ക്കും പഠിക്കണ്ടേ

പ. [illegible]

ന. അല്ല: പണിക്കർക്ക് ദേവകിയെ പരിചയമുണ്ടെന്നു തോന്നുന്നു

പ. നല്ല പരിചയമാണ്.

ന. "ശിക്ഷയായി [illegible] പ്രസ്താവിച്ചേക്കണം" എന്നു പറഞ്ഞിട്ടു [illegible]

ക്കി ഭൃത്യനോടായിട്ടു "വിഡ്ഢി! വേഗം നടക്കരുതെ" എന്നു ശാസിച്ചു. പിറകോട്ടു നോക്കീട്ടു് തന്നേക്കുറിച്ചു പ്രസ്താവിക്കണമെന്നു പറഞ്ഞതു് വേറേ വല്ലവരും കേൾക്കുന്നതിനു് ഇടയായാലോ എന്നുള്ള ഭയം നിമിത്തമായിരുന്നു. അതു പണിക്കർക്കു മനസ്സിലാകരുതെന്നു കരുതിയാണു് അടുത്തു നിന്ന ഭൃത്യനെ ശകാരിച്ചതു്.

ന. പിന്നെയും പണിക്കരോടു്, എന്തോ ദേവകിക്കു നമ്മെക്കുറിച്ചു് ഈയിടെ ഭ്രമം അതികലശലാണെന്നു കേൾക്കിണു്. നമുക്കും അങ്ങിനെ തന്നെ: അവളിൽ ബഹുമോദമാണു്. ഏതായാലും വേണ്ടില്ല; ഈ സന്ദർഭത്തിൽ പണിക്കരെ കിട്ടീട്ടും ഒരു ശുഭലക്ഷണം തന്നെ: സംശയമില്ല; "പെരുവഴിമദ്ധ്യേ നിന്നെക്കണ്ടതു പരിചൊടു നമ്മുടെ ഭാഗ്യം തന്നെ' എന്നു ഇന്ദ്രാദികൾ പറഞ്ഞതു പോലെ തന്നെയാണു്! ഭവിച്ചതു്' പണിക്കർക്കു് വാഗ ധാടിയും വേണ്ടതുണ്ടല്ലോ.

നമ്പൂരിപ്പാട്ടിലെ ഈ വാക്കുകളാൽ പണിക്കരുടെ ക്ഷമാഭംഗത്തിൽ നിന്നുണ്ടായ കോപവും വ്യസനവും കൂടി പണിക്കരുടെ ഹൃദയത്തെ അകപ്പാടെ ഒന്നിളക്കി മറിച്ചതിനാൽ നമ്പൂരിപ്പാട്ടിലെ വാക്കുകൾ എല്ലാം കേൾക്കുന്നതിനോ മറുപടി പറയുന്നതിനോ പണിക്കർക്കു് സാധിച്ചില്ല. "പ്രണയിനിയിവനെ വരിച്ചെന്നാകിൽ ഗുണമറിയാത്തവളവളെന്നു വരും" എന്നും മറ്റും ഒരവസരത്തിൽ നളനുണ്ടായിരുന്ന വിചാരങ്ങളെല്ലാം ഈ സമയം പണിക്കരുടെ ഹൃദയത്തിലും കടന്നു കൂടി. ഒടുവിൽ യാത്ര തന്നെ സംശയസ്ഥിതിയിലായി ഞാൻ ഇനിയും കഷ്ടപ്പെട്ടിട്ടു ആവശ്യമില്ല. അതിനാൽ പോകുന്നില്ല. പോകാതിരുന്നാൽ ഈ അന്തകൻ കോപിക്കയും ചെയ്യും. എന്താണു് വേണ്ടതു. ഇല്ലാ അവൾ ഈ വിഡ്ഢിയെ പരിഗ്രഹിക്കുമെന്നോ? ഛീ! ഒരിക്കലുമില്ല. അതിനാൽ പോക തന്നെ ഇങ്ങിനെ വിചാരിച്ചു കൊണ്ടു് മന്ദഗതിയായി പിന്നാലെ നടന്നു.

ന. എന്താണു് പണിക്കർക്കു് മനോരാജ്യം മുറുക്കേണ്ടേ? എന്നു പറഞ്ഞു് നമ്പൂരിപ്പാടു് ഇരുന്നു. ഭൃത്യൻ മുറുക്കിനുള്ള വട്ടം കൂട്ടിത്തുടങ്ങി.

ന. പണിക്കർ അവിടെ ഇരിക്കാം! വിരോധമില്ല; മുറുക്കണം! മുറുക്കാനിശ്ശീയുണ്ടു്. സംബന്ധം അടുത്ത ദിവസം തന്നെ വേണമെന്നാണു് നിരൂപിക്കിണതു്. മുറുക്കു! പണിക്കരുടെ മനോരാജ്യം പോയില്ലെ? അത്രൊന്നും ആലോചിപ്പാനില്ല! ഒക്കെ കഴിഞ്ഞിരിക്കയാണു്. സമയം പോലെ പണിക്കരും സ്വല്പം: അത്രെ വേണ്ടു മുറുക്കണം.

ഇതു കേട്ടു പിന്നെയും പണിക്കർക്കു് അധൈര്യം വന്നു തുടങ്ങി. എങ്കിലും ആകട്ടേ. വല്ല കൌശലം പറഞ്ഞു അവളുടെ മനസ്സു് മറിപ്പാനാണു് എനിയും ശ്രമിക്കേണ്ടതു്. ഏതായാലും ഇദ്ദേഹത്തോടു കൂടി പോക തന്നെയാണു് വേണ്ടതു്, അതാണു് ഉചിതം, എന്നിങ്ങനെ വിചാരിച്ചു് പണിക്കർ വീണ്ടും ധൈര്യത്തെ അവലംബിച്ചു് മുറുക്കു കഴിഞ്ഞു നമ്പൂരിപ്പാട്ടിലെ പിന്നാലെ നടന്നു തുടങ്ങി. നമ്പൂരിപ്പാടും ഈ ഡംഭുകളെല്ലാം പറയുന്നുണ്ടെങ്കിലും മനസ്സു് സംശയസ്ഥിതിയിലാണു് ഇരിക്കുന്നതു്. പിന്നെ അദ്ദേഹത്തെ ധൈര്യപ്പെടുത്തുന്ന സഹായി തന്നെപ്പോലെ മഹാനായി വേറെ ആരും ഇല്ലെന്നുള്ള വിചാരം ഒന്നു മാത്രമാണു്. പണിക്കരുടെ ലാക്കും ഇതിനടുത്തിരിക്കണം.

ഇവർ ഇങ്ങനെ ഓരോന്നു പറഞ്ഞും, സംശയിച്ചും രാത്രി എട്ടു മണിയോടു കൂടി ദേവകിക്കുട്ടിയുടെ വാസഗൃഹമായ പുത്തൻ തറമേടയിൽ എത്തുകയും ചെയ്തു.

ഒന്നാം അദ്ധ്യായം കഴിഞ്ഞു.